കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അയിലൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെഎസ്എ പികെഡി18-281/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി-26.03.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അയിലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അയിലൂർ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും

ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നമ്പർ കെഎസ്എ പികെഡി18-281/2019 തിയ്യതി: 26.03.2019

## പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.08 .2017 മുതൽ 25.1.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.1.2019 മുതൽ 6.2.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.സി.ഹരിഗോവിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.കെ.ജിജീഷ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.കെ.സുകുമാരൻ | 1.4.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീമതി.ജോയ്സി വർഗ്ഗീസ്.പി. | 1.4.17 മുതൽ 31.3.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.ഉണ്ണിറാം.എ.എച്ച്. | 1.4.17 മുതൽ 29.10.17വരെ |
| | ശ്രീമതി.അർച്ചന സി.ആർ. | 30.10.17 മുതൽ 31.3.18വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.തോമസ്.പി.ജോൺ | 1.4.17 മുതൽ 31.3.18വരെ |
| വി.ഇ.ഒ. (സർക്കിൾ I) | ശ്രീ.രവീന്ദ്രൻ.കെ. | 1.4.17 മുതൽ 31.3.18 വരെ |
| വി.ഇ.ഒ. (സർക്കിൾ II) | ശ്രീമതി.രാധിക.എൻ. | 1.4.17 മുതൽ 6.2.18FN വരെ |
| | ശ്രീ.ഷിജു.സി. | 6.2.18ANമുതൽ 31.3.18വരെ |
| ഐ.സി. ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ശാന്ത.സി.ജി. | 1.4.17 മുതൽ 31.8.17 വരെ |
| | ശ്രീമതി.ജയലക്ഷ്മി.ആർ | 1.9.17 മുതൽ 27.11.17 വരെ |
| | ശ്രീമതി.രാജലക്ഷ്മി.ആർ | 28.11.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.കീർത്തി അശോകൻ | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ഐശ്വര്യ.പി. | 1.4.17 മുതൽ 30.9.17 വരെ |
| | ഡോ.മഹേഷ്.എ.കെ. | 1.10.17 മുതൽ 9.10.17വരെ |
| | ഡോ.ഐശ്വര്യ.പി. | 10.10.17 മുതൽ 23.12.17വരെ |
| | ഡോ.ബിജി.ബി.വി. | 24.12.17 മുതൽ 6.1.18വരെ |
| | ഡോ.ഐശ്വര്യ.പി. | 7.1.18 മുതൽ 31.3.18വരെ |

| | | |
|---|---|---|
| പ്രധാന അദ്ധ്യാപകൻ | ശ്രീ.മുരളീധരൻ | 1.4.17 മുതൽ 31.3.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷെനിൻ പി.മെഴ്സിലി | 1.4.17 മുതൽ 31.3.18വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പി.പി.ഹേമകുമാർ | 1.4.17മുതൽ 30.6.17വരെ |
| | ശ്രീ.സുരേഷ്കുമാർ.എ. | 1.7.17 മുതൽ 31.3.18 വരെ |
| അസി. സെക്രട്ടറി | ശ്രീ.അഭയൻ.സി. | 1.4.17 മുതൽ 29.11.17 വരെ |
| | ശ്രീ.പ്രദീഷ്.പി.പി. | 30.11.17 മുതൽ 31.3.18 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 1 | ബജറ്റ്-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 2-1 |
| 2 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാകേണ്ടതാണ് | 2-2 |
| 3 | ഡി&ഒ ലൈസൻസ്-നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 2-3 |
| 4 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നടപ്പാക്കിയിട്ടില്ല | 2-4 |

| | | |
|---|---|---|
| 5 | വസ്തുനികുതി അപാകതകൾ പരിഹരിക്കേണ്ടതാണ് | 2-5 |
| 6 | പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 2-6 |
| 7 | ലേലം - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 2-7 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 2-8 |
| 9 | നിഷ്ക്രിയമായി കിടക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | |
| | ഭാഗം 3 | |
| 1 | ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ് | 3-1 |
| 2 | ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള പ്ലാൻ ഫണ്ട് തുക തിരിച്ചടക്കേണ്ടതാണ് | 3-2 |
| 3 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ₹.5547200/- ക്രമീകരിക്കേണ്ടതാണ് | 3-3 |
| 4 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി അനുവദിച്ച തുകകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-4 |
| 5 | പഞ്ചായത്തിന്റെ വാഹനത്തിനായി പരിപാലിച്ച് വരുന്ന രജിസ്റ്ററുകളും, റെക്കോഡുകളും അപൂർണ്ണമാണ്. | 3-5 |
| 6 | തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതിനാധാരമായ സ്റ്റോക്ക് രജിസ്റ്ററും, വാർഡ് മെമ്പറുടെ സാക്ഷ്യപത്രവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 3-6 |
| 7 | പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ. | 3-7 |
| 8 | ടിഷ്യുകൾച്ചർ വാഴതൈകൾ വിതരണം- സബ്സിഡി മാർഗരേഖയിൽ അധികരിച്ച് സഹായം അനുവദിച്ചു | 3-8 |
| 9 | ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകൽ -അധിക സബ്സിഡി അനുവദിച്ചു. | 3-9 |
| 10 | മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ. | 3-10 |
| 11 | കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ | 3-11 |

| | | |
|---|---|---|
| | ഈടാക്കിയില്ല | |
| 12 | എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല | 3-12 |
| 13 | സർവീസ് ടാക്സ് ഈടാക്കിയിട്ടില്ല | 3-13 |
| 14 | അയിലൂർ ഗവ. യു.പി. സ്കൂൾ മെയിന്റനൻസ് -പൊളിച്ച് മാറ്റിയ സാധനങ്ങൾ ലേലം ചെയ്യേണ്ടതാണ് | 3-14 |
| 15 | വീഴ്ലി എസ്.സി. കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ 2nd Stage -അധികം നൽകിയ തുക തിരിച്ചടക്കണം | 3-15 |
| 16 | പൊതു മരാമത്ത് പ്രവൃത്തികളുടെ ഫലപ്രദമായ പൂർത്തീകരണം ഉറപ്പ് വരുത്തേണ്ടതാണ് | 3-16 |
| 17 | പകൽ വീട് പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 3-17 |
| 18 | എസ്.സി.പി.ഫണ്ട് - സാമൂഹ്യഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഇല്ലാതെ പ്രവൃത്തി നിർവഹിച്ചു | 3-18 |
| 19 | ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല | 3-19 |
| 20 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 3-20 |
| 21 | അയിലൂർ പഞ്ചായത്തിൽ ഗ്യാസ് ക്രിമിറ്റോറിയം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3-21 |
| 22 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 3-22 |
| 23 | മാലിന്യസംസ്കരണം പദ്ധതികൾ നടപ്പിലാക്കിയില്ല | 3-23 |
| 24 | പഞ്ചായത്തിന്റെ പരിധിയിലുള്ള ശുദ്ധ ജല വിതരണത്തിന്റെ വിശദവിവരങ്ങൾ. | 3-24 |
| 25 | എസ് എസ് എ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-25 |
| 26 | വനിതാഘടക പദ്ധതിയിലുൾപ്പെടുത്തുവാൻ പാടില്ലാത്ത പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയത് മാർഗരേഖക്ക് വിരുദ്ധം | 3-26 |
| 27 | ആശ്രയ പദ്ധതികൾ - അവലോകനം | 3-27 |
| | ഭാഗം 4 | |

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്,ബാലൻസ് ഷീറ്റ്-സംക്ഷിപ്തം | 2 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.3.17 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം

അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 31.05.2018 | --- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(36)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ് - ₹. 17766574.00

വരവ് - ₹. 107401434.00

ആകെ - ₹. 125168008.00

ചെലവ് - ₹. 116291315.00

നീക്കിയിരിപ്പ് - ₹. 8876693.00

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 20604243 | 20604243 | 18716725 | 1887518 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 8759739 | 8759739 | 6953361 | 1806378 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 491800 | 491800 | 462443 | 29357 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | | 0 | 31207000 | 31207000 | 31205991 | 1009 |
| മെയിന്റനൻസ് നോൺ-റോഡ് (ACR പ്രകാരം) | | 0 | 4420000 | 4420000 | 4142770 | 277230 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9658443 | 9658443 | 9550440 | 108003 |
| കെ.എൽ.ജി.എസ്.ഡി.പി (ACR പ്രകാരം) | | 0 | 4954237 | 4954237 | 4939049 | 15188 |
| സാക്ഷരത | | 2675 | 54603 | 57278 | 54500 | 2778 |
| ജലനിധി | | 392681 | 15207 | 407888 | - | 407888 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 186553 | 20178171 | 21291704 | 20178171 | 11508 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 926980 | | 1102025 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ – ICDS ഫണ്ട് | | 1314876 | 1103043 | 2417919 | 385576 | 2032343 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | TSC Fund | 75975 | 1432147 | 1508122 | 95290 | 1412832 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്* | ബ്ലോക്ക് പഞ്ചായത്ത് | 262500 | 7323533 | 7586033 | 1692999 | 5893034 |
| | ജില്ലാ പഞ്ചായത്ത് | 419233 | 2317647 | 27366880 | 2217647 | 519233 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 0 | 900280 | 900280 | 900280 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ്** | | 8697091 | 9949000 | 18646091 | 17050907 | 1595184 |
| തനത് ഫണ്ട് | അയിലൂർ സർവീസ് കോ. ഓപ്പ്. ബാങ്ക് | 242711 | 5611416 | 8038527 | 5610434 | 2428093 |
| | മറ്റ് ബാങ്കുകൾ | 6838345 | 7232605 | 14070950 | 6816477 | 7254473 |

**₹.18237028/- സർക്കാർ നേരിട്ട് പിൻവലിച്ചിട്ടുണ്ട്( ട്രഷറി ടി.എസ്.ബി. -₹.9511967/- + ജോയിന്റ് വെഞ്ചർ അക്കൗണ്ട് -₹.8725061). പിൻവലിച്ച തുക 26.62018ന് തിരികെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 360 | 137549362 | 221 | 82322191 | --- | 139 | 61.39% |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 61.39% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 59.85% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 8624119 | 8337247 | 96.67% |
| വി.ഇ.ഒ - 1 | 5 | 5 | 3200000 | 982500 | 30.70% |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ - 1I | 11 | 9 | 4263300 | 2784500 | 65.31% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18 | 9 | 8381969 | 3567532 | 42.56% |
| സെക്രട്ടറി | 26 | 11 | 12004912 | 8971646 | 74.73% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 274 | 168 | 88536299 | 52604201 | 59.42% |
| മെഡിക്കൽ ഓഫീസർ-PHC | 1 | 1 | 400000 | 399479 | 99.87% |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 600000 | 600000 | 100.00% |
| വെറ്ററിനറി സർജ്ജൻ | 5 | 4 | 3288750 | 659315 | 20 % |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1512500 | 1200000 | 79.34% |
| പ്രധാന അധ്യാപകൻ | 4 | 2 | 1550104 | 891771 | 57.44% |
| അസി.സെക്രട്ടറി | 7 | 3 | 5187409 | 1324000 | 25.52 % |
| ആകെ | 360 | 221 | 137549362 | 82322191 | 59.85% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 186553 | 926980 | 21291704 | 1102025 | 11508 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 20178171 | | 20178171 | |

* രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവ് തുകകളാണ് ചേർത്തിരിക്കുന്നത്.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35280 | 41 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 16060500 | 1359 |
| വിധവാപെൻഷൻ | 13297900 | 1105 |
| വാർദ്ധക്യകാലപെൻഷൻ | 19628800 | 1571 |
| വികലാംഗപെൻഷൻ | 3347200 | 277 |
| 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ | 683100 | 56 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.1.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹.2229/- നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഓരോ വികസന മേഖലയിലേയും നേട്ടങ്ങളും കോട്ടങ്ങളും അവസ്ഥാ വിശകലനം നടത്തി വികസന മേഖലയിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ നിർവചിച്ച് പദ്ധതി ആസൂത്രണ നിർവഹണ നടപടികളുടെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം എന്നും അതിൻപ്രകാരം മാത്രം പദ്ധതികൾ ആവിഷ്കരിക്കണം എന്നും നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് തയ്യാറാക്കിയിരിക്കുന്നത്. പൊതുഭരണം -ധനകാര്യം, മൃഗസംരക്ഷണം-ക്ഷീരവികസനം, ദാരിദ്ര്യ ലഘൂകരണം, പട്ടികജാതി വികസനം എന്നീ മേഖലകളിൽ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തുന്നുണ്ട്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തേണ്ടതാണ്.

വരവു ചെലവുകൾ അതാതു കാലയളവിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്നും വാർഷിക കണക്കിൽ പ്രതിഫലിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു

വരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന് കാരണം.

ലഭിക്കുന്ന തപാലുകൾ മുഴുവൻ പേഴ്സണൽ രജിസ്റ്ററുകളിൽ ചേർക്കുന്നില്ല. അതിനാൽ സമയബന്ധിതമായി തപാലുകൾ തീർപ്പാകുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സാധിക്കുന്നില്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് മുൻവർഷങ്ങളിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഓഡിറ്റ് കാലയളവിൽ തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായി ആവിഷ്കരിച്ച പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.1.19 മുതൽ 15.1.19 വരെ | ഡിസംബർ 2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.7.2007 മുതൽ 21.7.2007 വരെ | 1997-98 മുതൽ 2006-07 വരെ | അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടുള്ള വിവരം കത്ത് നം. എ2/3102/13/1.8.2018 പ്രകാരം അറിയിച്ചിട്ടുണ്ട്. |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

1) വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ ബാലൻസ് തുകകളായി രേഖപ്പെടുത്തിയിട്ടുള്ളത് യഥാർത്ഥത്തിൽ ചെലവഴിച്ചിട്ടുള്ള തുകകളാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബി-4 ഹെഡ് | തുക | ചെലവ് വിവരം |
|---|---|---|
| 320200199 | 410000 | കൽച്ചാടി ആദിവാസി കോളനി കുടിവെള്ള പദ്ധതി |
| 320700405 | 400000 | പാലക്കൽപൊറ്റ അംഗൻവാടി നിർമ്മാണം |
| 320700104 | 262500 | ആശ്രയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 320700205 | 100000* | മിൽക്ക് ഇൻസെന്റീവ് * |
| 320300199 | 5410 | RSBY (CHIYAK) |
| | 30300 | സാക്ഷരതാ മിഷൻ തുക |

* ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് എന്നത് മിൽക്ക് ഇൻസെന്റീവ് എന്ന് തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

2) എം.ജി.എൻ.ആർ.ഇ.ജി.എസ് - വാർഷിക ധനകാര്യ പത്രികയിൽ I & E Statement ലെ തുകകളും R& P Statement-ലെ മുന്നിരിപ്പ്, ചെലവ് തുകകളും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബഡ്ജറ്റ്-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച്

മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214(1) Dഅനുസരിച്ച് ബജറ്റിനു മുന്നോടിയായി ഒരു വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും ആയത് ബജറ്റിന്റെ ഭാഗമാക്കേണ്ടതുമാണ്. 17-18ലേക്കുള്ള പദ്ധതികൾ ഭരണസമിതി ചർച്ച ചെയ്ത് അംഗീകരിച്ചത് 23.05.2017നാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിക്ക് ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുള്ളത് 31.5.2017 നാണ്.

അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി 25.01.2017 ന് വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടുണ്ട്. ഡിസംബർ 15 നു മുമ്പ് യോഗം വിളിച്ചുചേർക്കണമെന്ന സമയക്രമം പാലിച്ചിട്ടില്ല. അതു പോലെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും മറുപടി സമർപ്പിച്ചതായും കാണുന്നില്ല.

കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 166 പട്ടിക 3 എ 6പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.എന്നാൽ ഇതിനായി തുക വകയിരുത്തിയതായി കാണുന്നില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22 നു മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് 21.03.2017 ലെ തീരുമാനം നം 1 ആയി ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. കരട് ബഡ്ജറ്റ് ചർച്ച ചെയ്യുന്നതിനായി മാർച്ച് ഏഴിന് മുമ്പ് യോഗം വിളിക്കണമെന്ന സമയക്രമം പാലിച്ചിട്ടില്ല. ബഡ്ജറ്റുമായി ബന്ധപ്പെട്ട് 30.03.2017 തിയ്യതിയിൽ പ്രസിഡന്റ് പ്രത്യേക യോഗം വിളിക്കുകയും പ്രസ്തുത യോഗത്തിൽ ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്നകാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാകേണ്ടതാണ്

2017-18 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്,

രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

എ)സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കോ നൽകേണ്ടതുമാണ്. നിലവിൽ സ്ഥാപനങ്ങളുടേ പേര് ഉൾപ്പെടുന്ന ഒരു ലിസ്റ്റ് ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യഭാഗത്ത് ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ചട്ടം അനുസരിച്ച് രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതാണ്.

ബി)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്നു കാണുന്നു. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതുമൂലം നികുതിനഷ്ടത്തിനുള്ള സാദ്ധ്യതയുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം(ജീവനക്കാരുടെ എണ്ണം) | അർദ്ധ വർഷം |
|---|---|---|
| 1 | അയിലൂർ ഗ്രാമീണ ബാങ്ക്(കൊ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി) | 2 |
| 2 | പോസ്റ്റ് ഓഫീസ്, തിരുവഴിയാട് | 2 |
| 3 | തിരുവഴിയാട്-കയറാടി ക്രെഡിറ്റ് കൊ-ഓപ്പറേറ്റീവ് സൊസൈറ്റി | 1 & 2 |
| 4 | എം ഇ എസ്(ടി)പബ്ലിക്ക് സ്കൂൾ,അടിപ്പരണ്ട | 1 & 2 |
| 5 | അയിലൂർ മിൽക്ക് സൊസൈറ്റി,അയിലൂർ | 1 & 2 |
| 6 | തലവെട്ടാംപാറ മിൽക്ക് സൊസൈറ്റി | 1 & 2 |
| 7 | കയറാടി മിൽക്ക് സൊസൈറ്റി | 1 & 2 |
| 8 | കല്ലംപറമ്പ് മിൽക്ക് സൊസൈറ്റി | 1 & 2 |
| 9 | അടിപ്പെരണ്ട മിൽക്ക് സൊസൈറ്റി | 1 & 2 |
| 10 | വുമെൻ കൊ-ഓപ്പറേറ്റീവ് സൊസൈറ്റി,കയറാടി | 1 & 2 |
| 11 | വുമെൻ കൊ-ഓപ്പറേറ്റീവ് സൊസൈറ്റി,അയിലൂർ | 1 & 2 |

സി)<u>കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുമായി കരാർ പ്രവർത്തികളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. [1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ] 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തുമായി മരാമത്ത് പ്രവർത്തികളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് | കരാർ പ്രവർത്തികളുടെ എണ്ണം |
|---|---|---|
| 1 | സക്കീർ ഹുസ്സൈൻ,കളത്തിൽ വീട്,കയറാടി | 14 |
| 2 | പൗലോസ്,കയറാടി | 4 |
| 3 | ഇബ്രാഹിം,ചേറുണ്ണി കളം,കരിമ്പാറ | 9 |
| 4 | സഞ്ജയ് കുമാർ,പുഴക്കൽ,അയിലൂർ | 7 |
| 5 | പുഷ്പാകരൻ,പറയമ്പള്ളം,കയറാടി | 10 |
| 6 | സെയ്തു മുഹമ്മദ്,പാളിയ മംഗലം,അയിലൂർ | 4 |
| 7 | ഷാജഹാൻ,പാളിയ മംഗലം,അയിലൂർ | 7 |
| 8 | ഷനീഫ്,പാളിയമംഗലം,അയിലൂർ | 10 |
| 9 | വിനോജ് പോൾ,പാണ്ടിക്കുടിയിൽ,കയറാടി | 5 |
| 10 | തങ്കച്ചൻ,കറുകപ്പള്ളി,കയറാടി | 8 |
| 11 | ബാലചന്ദ്രൻ,കഴക്കുട്ടിൽ വീട്,പറയമ്പള്ളം | 7 |
| 12 | സതീഷ്.എം.പി,പൂളക്കൽ,അയിലൂർ | 2 |
| 13 | കാസ്സിം,കോഴിക്കാട്,അയിലൂർ | 4 |
| 14 | സലിം,തെങ്ങും പാടം,കയറാടി | 14 |
| 15 | അജ്മൽ,തെങ്ങും പാടം, കയറാടി | 4 |
| 16 | കാജാഹുസ്സൈൻ, അടിപ്പെരണ്ട തറ, കയറാടി | 12 |
| 17 | ജോർജ്ജ്,തുരുത്തേൽ വീട് | 10 |
| 18 | ഷാജി വൈ,ചിറപ്പുറത്ത്,തിരവഴിയാട് | 8 |
| 19 | വേലുക്കുട്ടി,അരിയക്കോട്,അയിലൂർ | 5 |
| 20 | രവീന്ദ്രൻ,മേലേ അരിയക്കോട്,അയിലൂർ | 6 |
| 21 | ഉമേഷ്,പൂളക്കൽ വീട്,കരുവപ്പാടം | 7 |
| 22 | അബ്ദുൾ ഖാദർ,പടിഞ്ഞാറെ പറമ്പിൽ,പയ്യാങ്കോട് | 6 |
| 23 | സുനോജ് പോൾ,പാണ്ടിക്കുടിയിൽ,കയറാടി | 2 |
| 24 | ബലേന്ദ്രൻ,വടക്കൻചിറ | 1 |
| 25 | മുഹമ്മദ് ബഷീർ,കുമ്പളക്കോട് | 1 |

| | | |
|---|---|---|
| 26 | ചന്ദ്രബോസ്,മുട്ടിക്കുളങ്ങര | 1 |

ഡി) <u>സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ഡിമാൻറ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന് കണ്ടെത്തി.പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും ഇവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | അയിലൂർ സർവ്വീസ് കൊ-ഓപ്പറേറ്റിവ് ബാങ്ക് | 2 |
| 2 | മാവേലി സ്റ്റോർ,അടിപ്പെരണ്ട | 2 |
| 3 | മിൽക്ക് സൊസൈറ്റികൾ(അയിലൂർ,തലവെട്ടാംപാറ,കയറാടി,കല്ലം പറമ്പ്,അടിപ്പെരണ്ട) | 1 & 2 |

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1)സ്ഥാപനരജിസ്റ്റർ തയ്യാറേക്കേണ്ടതും കാലികമായി സൂക്ഷിക്കേണ്ടതുമാണ്.

2)പുതുതായി ലൈസൻസ് അനുവദിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുണ്ടെങ്കിൽ സ്ഥാപന രജിസ്റ്ററിൽ വിവരം ചേർക്കേണ്ടതാണ്.

3) മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 ഡി&ഒ ലൈസൻസ്-നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

<u>എ)ഡി&ഒ ലൈസൻസ് -ചട്ടങ്ങളിലെ ഭേദഗതി പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്</u>

1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ഡി&ഒ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. പട്ടിക 2ൽ ലൈസൻസ് ഫീ നിശ്ചയിക്കുന്നതിന് ഒരു ദിവസത്തെ മൊത്തം വിറ്റു വരവിനു പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി,സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ | വ്യവസായസ്ഥാപനത്തിന്റെ | ചുമത്താവുന്ന |
|---|---|---|

| നം | തരം | പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

എന്നാൽ ടി ഭേദഗതി ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയോ ഭരണസമിതിയോ ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തായി കാണുന്നില്ല. ഭേദഗതി പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്.

ബി)ലൈവ് സ്റ്റോക്ക് ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ 2012 ,ചട്ടം 3,ഉപചട്ടം (1)ൽ പറഞ്ഞതിനേക്കാൾ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടു പോകുവാനോ ഉപചട്ടം (2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ അയിലൂർ ഗ്രാമപഞ്ചായത്തിൽ ഫാമുകൾക്ക് ലൈവ്സ്റ്റോക്ക് ലൈസൻസ് നൽകിയിട്ടില്ല. ഉദാ-വൈഗ പൗൾട്രിഫാം(സജിനി, ചാകായി, തിരുവഴിയാട്). ഇതുപോലുള്ള മറ്റ് ഫാമുകളെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഡി)റേഷൻ കടകളെ ഡി&ഒ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ പട്ടിക 1 ലെ ക്രമനമ്പർ 149 പ്രകാരം റേഷൻ കടകൾക്ക് ഡി&ഒ ലൈസൻസ് ആവശ്യമാണ്. എന്നാൽ അയിലൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും ലൈസൻസ് എടുത്തിട്ടില്ല.അതുപോലെ റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്.

2)ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്.
3) അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-4 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നടപ്പാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന് 24.9.16 ലെ 576/ഡി.സി.1/16, ത.സ്വ. ഭ.വ
സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1 . വിൽപന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2. വിൽപന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം .

3. ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം , ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. പ്ലാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.

5. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6. പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്

അയിലൂർ ഗ്രാമ പഞ്ചായത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനും, മാലിന്യ പരിപാലനം കാര്യക്ഷമമാക്കുന്നതിനുമായി സർക്കുലറിലെ നിർദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 19 തീയതി 4.2.2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി അപാകതകൾ പരിഹരിക്കേണ്ടതാണ്

എ)വസ്തു നികുതി കുറവായി നിർണ്ണയിച്ചു

100 ച മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി 100 ച മീറ്ററിൽ കുറവുള്ള കെട്ടിടങ്ങൾക്കുള്ള നിരക്കിലാണ് നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമ നം | കെട്ടിട ഉടമ | വാർഡ്/ കെട്ടിട നം | വിസ്തീർണ്ണം (ച മീ) | കണക്കാക്കിയ അടിസ്ഥാന വസ്തു നികുതി | കണക്കാക്കേണ്ടത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കെ എസ് മാധവൻ, അയില്ലൂർ | 6/260 | 175 | 30 | 50 |
| 2 | ലക്ഷ്മി,w/o കൃഷ്ണൻ, കലാ സിൽക്ക്സ്, കോട്ടൺ മിൽ | 11/15 | 122 | 30 | 50 |
| 3 | യൂസഫ്, കല്ലംപറമ്പ്, കയറാടി | 16/217 | 160 | 30 | 50 |
| 4 | ടി സി കുരുവിള, s/o ചാക്കോ, കയറാടി | 17/64 | 149.7 | 30 | 50 |

മേൽ സ്ഥാപനങ്ങൾ അടിസ്ഥാന വസ്തുനികുതി 10/- രൂപ ആയിട്ടുള്ള ചെറുകിട വ്യവസായങ്ങളാണെന്നാണ് ഓഡിറ്റ് അന്വേഷണം 18 ന് മറുപടിയായി നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ വാണിജ്യാവശ്യത്തിനുള്ള 100 ച മീറ്റർ വരെയുള്ള കെട്ടിടങ്ങളുടെ അടിസ്ഥാനവസ്തുനികുതി നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്.വസ്തുനികുതി പുനർനിർണ്ണയം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 18 തീയതി 02.02.2019).

ബി)<u>ബി എസ് എൻ എൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്</u>

ബി എസ് എൻ എൽ ടവർ ഒഴികെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മറ്റ് ടവറുകളുടെയെല്ലാം വസ്തുനികുതി ഈടാക്കിയിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം 18തീയതി 02.02.2019).). ബി എസ് എൻ എൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | വാർഡ് നം/കെട്ടിട നം | ഉടമയുടെ പേര് | ഇൻസ്റ്റാൾ ചെയ്ത വർഷം | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശിക തുക,വർഷം |
|---|---|---|---|---|---|
| 1 | 14/281 | അസി മാനേജർ,ബി എസ് എൻ എൽ ടവർ | 2011 | 2722(പഴയ നികുതി)<br>5250(പുതിയ നികുതി) | 34416/- |

കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

# 2-6 പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

എ)പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 16 പ്രകാരം അപേക്ഷയിന്മേൽ 15 ദിവസത്തിനകം തീർപ്പുകൽപ്പിക്കാത്ത പക്ഷം പെർമിറ്റ് ലഭിച്ചതായി കണക്കാക്കി അപേക്ഷകന് നിർമ്മാണം തുടങ്ങാവുന്നതാണ്. എന്നാൽ അയിലൂർ പഞ്ചായത്തിൽ ഇത് പാലിച്ചതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷ സ്വീകരിച്ച തിയ്യതി | അപേക്ഷകന്റെ പേര് | പെർമിറ്റ് തിയ്യതി |
|---|---|---|---|
| 1 | 8.12.17 | ഹിദോഷ്.എം,താമരക്കുളം,അയിലൂർ | 6.2.18 |
| 2 | 17.11.17 | ഷെറീന.എം,പാലമൊക്ക്,അയിലൂർ | 6.2.18 |
| 3 | 30.11.17 | കണ്ണൻ,പോങ്ങോട്ടുപറമ്പ്,അയിലൂർ | 5.1.18 |
| 4 | 30.12.17 | ഐസക്ക് മാത്യു,വല്ലോംപറമ്പിൽ,അടിപ്പരണ്ട | 8.2.18 |
| 5 | 8.12.17 | റിജേഷ്,പുഴയ്ക്കൽ ഹൗസ്,അയിലൂർ | 6.2.18 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1 സമർപ്പിക്കപ്പെടുന്ന രേഖകളുടെ കൃത്യത ഉറപ്പാക്കേണ്ടതും അപാകതകൾ ഉള്ളവ തിരിച്ചയക്കേണ്ടതുമാണ്.

2 പ്ലാനുകളിൽ എല്ലാ അളവുകളും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3 ചട്ടപ്രകാരമുള്ള സമയപരിധിക്കകം പെർമിറ്റ് അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

ബി)ഫ്ലോർ ഏരിയക്കു പകരം പ്ലിന്ത് ഏരിയ പെർമിറ്റ് ഫീ നിശ്ചയിക്കുന്നതിന് കണക്കാക്കുന്നു

എ)കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011- ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II-ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ തറ വിസ്തീർണ്ണത്തിന്റെ (Floor Area) അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത്. . കൂടാതെ കാർഷെഡ്, ടോയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കാവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ അയിലൂർ പഞ്ചായത്തിൽ 2017-18 പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് പ്ലിന്ത് ഏരിയയാണ് (Plinth Area) അടിസ്ഥാനമാക്കിയിട്ടുള്ളത്. ഫ്ലോർ ഏരിയക്ക് പകരം പ്ലിന്ത് ഏരിയ രേഖപ്പെടുത്തി

സമർപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയതായി ഓഡിറ്റ് അന്വേഷണം 15/4.2.2019 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 ലേലം - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

എ)ലേല രജിസ്ററർ പൂർണ്ണമല്ല

അയിലൂർ ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ താഴെ പറയുന്നവയുടെ ലേല വിവരം ലേല രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

| ക്രമ നം | തിയ്യതി | ഇനം | ലേലം സ്ഥിരപ്പെടുത്തിയനൽകിയത് | തുക |
|---|---|---|---|---|
| 1 | 19.5.17 | മഞ്ഞ കടമ്പ-കയറാടി കോളനി | സിജോ സെബാസ്റ്റ്യൻ | 15500/- |
| 2 | 19.5.17 | കരവേങ്ങ-തോട്ടുപാലം | രവി | 1,10,000/- |
| 3 | 19.5.17 | ഇലവ്-തോട്ടുപാലം | അബ്ബാസ്,വീഴ്‌ളി | 27,000/- |

ബി)സംക്ഷിപ്തം എഴുതിയിട്ടില്ല

ലേല രജിസ്റ്ററിൽ 2017-18 വർഷത്തെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

സി)ലേല ഡയറികൾ സെക്രട്ടറി ഒപ്പ് വയ്ക്കേണ്ടതാണ്

ലേല ഡയറികളിൽ സെക്രട്ടറി ഒപ്പ് വയ്ക്കുന്നില്ല. ലേല ഡയറിയിലും രജിസ്റ്ററിലും ലേലം അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനവും തിയ്യതിയും എഴുതേണ്ടതാണ്. ഇതു സംബന്ധിച്ച് 5.2.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണം 22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1 ലേല രജിസ്റ്ററിൽ എല്ലാ ലേലങ്ങളുടേയും വിവരങ്ങൾ ചേർത്ത് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2 വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3 ലേല ഡയറികളിൽ സെക്രട്ടറി ഒപ്പ് വച്ച് ആധികാരികമാക്കേണ്ടതാണ്

## 2-8 അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോം വില ഇനത്തിൽ 11.6.2018 വരെ ലഭ്യമായ ₹.294055/- അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, നെന്മാറ A/c. No. 37232539603) സൂക്ഷിച്ചിരിക്കുന്നു. തുകകൾ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 നിഷ്ക്രിയമായി കിടക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി മുൻ വർഷങ്ങളിൽ ആരംഭിക്കുകയും എന്നാൽ കാലാകാലങ്ങളായി ഇടപാടുകൾ ഇല്ലാത്തതുമായ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ അവശേഷിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം. | എ.എഫ്.എസ് പ്രകാരം അവശേഷിക്കുന്ന തുക |
|---|---|---|
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 14109 | 1657 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,പെൻഷൻ അക്കൗണ്ട് | 7144 | 2778 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,സാക്ഷരത | 14717 | 51 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ NREGS സ്കോളർഷിപ്പ് | 339502010012127 | 0 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, BRGF | 13515 | 231504 |

അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തെ AFS ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം. B-4 പ്രകാരം താഴെ പറയുന്ന തുകകൾ ഗ്രാമ പഞ്ചായത്തിന്റെ ബാധ്യതയായിട്ടുണ്ട്.

| പ്രൊജക്ട് വിവരങ്ങൾ | തുക | ലഭിച്ച സ്ഥാപനം |
|---|---|---|
| ഗായത്രിപ്പുഴ നീർത്തട പദ്ധതി | 19233 | ജില്ലാ പഞ്ചായത്ത് |
| പെയിൻ & പാലിയേറ്റീവ് പദ്ധതി | 83333 | ബ്ലോക്ക് പഞ്ചായത്ത് |
| | 100000 | ജില്ലാ പഞ്ചായത്ത് |

തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/31.1.2019ന് തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള പ്ലാൻ ഫണ്ട് തുക തിരിച്ചടയ്ക്കേണ്ടതാണ്

അയിലൂർ ഗ്രാമപഞ്ചായത്തിൽ ഒക്ടോബർ 2015 വരെ നോൺബാങ്കിംഗ് ട്രഷറിയായിരുന്ന കൊല്ലങ്കോട് സബ്ട്രഷറിയിലാണ് പ്ലാൻഫണ്ടിന്റെ ഇടപാടുകൾ നടത്തിയിരുന്നത്. നോൺബാങ്കിംഗ് ട്രഷറിയിൽ നിന്നും പണമായി ലഭിക്കുന്ന തുകകൾ നാഷണലൈസ്ഡ് ബാങ്കുകളിൽ നിക്ഷേപിച്ചതിനുശേഷം പിന്നീട് ചെക്ക് മുഖേന നൽകുകയുമാണ് ചെയ്തിരുന്നത്. G.O.(P)177/2006/Fin,12.4.2006പ്രകാരം നോൺബാങ്കിംഗ് ട്രഷറിയുമായി ബന്ധപ്പെട്ട പ്ലാൻ അക്കൗണ്ടിൽ നീക്കിയിരിപ്പായി തുകയൊന്നും അവശേഷിക്കുവാൻ പാടുള്ളതല്ല. ട്രഷറിയിൽനിന്നും പിൻവലിക്കുന്ന തുകകൾ ഏതാവശ്യത്തിനാണോ പിൻവലിച്ചത് അതേ ആവശ്യത്തിന് മാർച്ച് മാസം അവസാനിക്കുന്നതിനുമുമ്പായി ചെലവഴിക്കേണ്ടതായിരുന്നു. എന്നാൽ താഴെപ്പറയുന്ന നിർവഹണോദ്യോഗസ്ഥരുടെ പ്ലാൻഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ ഇപ്പോഴും തുക അവശേഷിക്കുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അക്കൗണ്ട് നം. | നിലവിലുള്ള തുക | തിയതി |
|---|---|---|---|
| വെറ്ററിനറി സർജൻ | 339502010008409 -യൂണിയൻ ബാങ്ക് | 13593.46 | 3.1.2019 |
| വി ഇ ഒ-I | 339502010008231- യൂണിയൻ ബാങ്ക് | 13235 | 3.1.2019 |

| | | | |
|---|---|---|---|
| വി ഇ ഒ-II | 339502010008230 -യൂണിയൻ ബാങ്ക് | 1540 | 1.1.2018 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 339502010008288 -യൂണിയൻ ബാങ്ക് | 2731.50 | 3.1.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 339502010008297 -യൂണിയൻ ബാങ്ക് | 370 | 29.6.2015 |
| പ്രധാന അദ്ധ്യാപകൻ | 339502010012430 -യൂണിയൻ ബാങ്ക് | 17279.50 | 4.1.2017 |
| കൃഷി ഓഫീസർ | 339502010007910 -യൂണിയൻ ബാങ്ക് | 492 | 3.1.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 339502010010973- യൂണിയൻ ബാങ്ക് | 40621.31 | 3.1.2019 |

നീക്കിയിരിപ്പുള്ള തുക ഏതെല്ലാം പദ്ധതികൾക്ക് ലഭ്യമായതാണെന്നോ ഏത് വർഷം ലഭ്യമായതാണെന്നോ വ്യക്തമാകുന്നില്ല. മുൻവർഷങ്ങളിൽ പ്ലാൻഫണ്ടിൽനിന്നും പിൻവലിച്ചതും ചെലവഴിക്കാത്തതുമായ തുകകൾ ഏതെല്ലാം പദ്ധതികൾക്കായി പിൻവലിച്ചതാണെന്നുള്ള കൃത്യമായ വിവരം കണ്ടെത്തി തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതും ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ₹.5547200/- ക്രമീകരിക്കേണ്ടതാണ്

ഗ്യാസ് ക്രിമറ്റോറിയം എന്ന പദ്ധതിക്കായി നെന്മാറ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ₹.5547200/- ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ (ട്രഷറി) അക്കൗണ്ടിലേക്ക് 14.12.2017ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/5.2.19ന് "ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ₹.5547200/- അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി ഭേദഗതി ചെയ്ത് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുകയാണ് ഉണ്ടായത്. അതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തി വിനിയോഗിക്കുവാൻ കഴിയാതെ വന്നു. ആദ്യത്തെ പ്രൊജക്ടിന്റെ നിർവഹണ നടപടികൾ ആരംഭിക്കുന്നതിനു മുമ്പായിത്തന്നെ പദ്ധതി ചെലവു കാണിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ഫണ്ട്റിക്വിസിഷൻ ഇല്ലാതെയാണ് ബ്ലോക്ക് പഞ്ചായത്ത് തുക കൈമാറിയിട്ടുള്ളത്. ആകയാൽ തുക 2019-2020 വാർഷിക പദ്ധതിയിൽ ക്രിമറ്റോറിയത്തിന്റെ ചുറ്റുമതിൽ നിർമ്മാണം ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾക്കായി ചെലവഴിക്കുന്നതിന്

സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടി തുകയിൽ നിന്നും ജില്ലാ പഞ്ചായത്തിലേക്ക് ബ്ലോക്ക് വിഹിതം ഇനത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല" എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതുമാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി തുകകൾ നൽകിയിട്ടുണ്ട് :

I)1,4,5,6,7,10,13,14,15,17 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ എന്ന SO393/18 പ്രോജക്റ്റിനായി സെക്രട്ടറി മുഖേന 17,83,015/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.അടങ്കലിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| വികസന ഫണ്ട് | 76,015/- |
| ധനകാര്യ കമ്മീഷൻ അവാർഡ് ഗ്രാന്റ് | 17,07,000/- |
| ആകെ | 17,83,015/- |

തുക പിൻവലിച്ചതിന്റെ വിവരങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 27/17-18/24/01/2018 | 14,10,450/- |
| 28/17-18/24/01/2018 | 2,45,700/- |
| 35/17-18/21/03/2018 | 50,850/- |
| 36/17-18/21/03/2018 | 76,015/- |
| ആകെ | 17,83,015/- |

സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി താഴെ പറയുന്ന രീതിയിൽ തുകകൾ NEFT., മുഖേന ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് :

| തുക കൈപ്പറ്റിയ സ്ഥാപനം | തുക |
|---|---|
| കെ.എസ്.സി.ബി. മുടപ്പല്ലൂർ, കാന്തളം, ഒറ്റക്കണ്ടം. | 76,015/- |

| | |
|---|---|
| കെ.എസ്.സി.ബി. മുടപ്പല്ലൂർ, കാന്തളം, ഒറ്റക്കണ്ടം. | 50,850/- |
| കെ.എസ്.സി.ബി. മുടപ്പല്ലൂർ, കാന്തളം, ഒറ്റക്കണ്ടം. | 2,45,700/- |
| കെ.എസ്.സി.ബി.<br>നെൻമാറ. | 1,41,0450/- |
| ആകെ | 17,83,015/- |

ഡെപ്പോസിറ്റ് വർക്കിനായി ഏർപ്പെട്ട കരാർ പ്രകാരം പ്രവൃത്തി 2018 മാർച്ച് മാസം 22 -ാം തിയതിക്ക് ആരംഭിക്കുകയും, 2019 മാർച്ച് മാസം 31 -ാം തിയതിക്ക് പൂർത്തിയാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാനായി ആവശ്യപ്പെട്ടതിന് (6/2/2019ലെ അന്വേഷണം നം25) കരാറിൽ ഏർപ്പെട്ട കാലയളവിനുളളിൽ പ്രവൃത്തി പൂർത്തിയാവുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

II)തലവെട്ടാംപാറ അരിയക്കോട് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന SOO29/18 പ്രൊജക്റ്റിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1,05,000/- രൂപ അടങ്കലായി വകയിരുത്തി പഞ്ചായത്ത് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തീയ്യതി | ചെലവ് |
|---|---|
| 26/17-18/24/01/2018 | 1,05,000/- |

പാലക്കാട്ടിലെ കേരള ജല അതോറിറ്റിയിലേക്ക് മേൽ തുക NEFT മുഖേന തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.(അക്കൗണ്ട് നം.671479900082).പ്രസ്തുത പ്രവൃത്തി 2018 ഫെബ്രുവരി മാസം 22 ന് ആരംഭിച്ച് 2019 വർഷത്തിലെ ഫെബ്രുവരി മാസം 21 ൽ പൂർത്തിയാക്കുന്നതാണ്.കരാർ ചമച്ച പ്രകാരം പ്രവൃത്തി പൂർത്തിയാവുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.(6/2/2019ലെ അന്വേഷണ നം25)

III)തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് (നം.SOO28/18) പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 21,200/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | തുക |
|---|---|
| 25/24/01/2018 | 21,200/- |

| തുക കൈപ്പറ്റിയ സ്ഥാപനം | തുക |
|---|---|
| കെ.എസ്.സി.ബി. മുടപ്പല്ലൂർ., | 21,200/- |

കരാർ പ്രകാരം മേൽ പ്രവൃത്തി 2018 മാർച്ച് മാസം ഫെബ്രുവരി 22 -ാം തിയതിക്ക് ആരംഭിക്കുകയും, 2019 ഫെബ്രുവരി മാസം 21 -ാം തിയതിക്ക് പൂർത്തിയാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാനായി ആവശ്യപ്പെട്ടതിന്(6/2/2019ലെ അന്വേഷണം നം.25)കരാറിൽ ഏർപ്പെട്ട കാലയളവിനുളിൽ പ്രവൃത്തി പൂർത്തിയാവുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) 3 പ്രാജക്റ്റുകൾക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയ വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-5 പഞ്ചായത്തിന്റെ വാഹനത്തിനായി പരിപാലിച്ച് വരുന്ന രജിസ്റ്ററുകളും, റെക്കോഡുകളും അപൂർണ്ണമാണ്.

ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ 30/06/2007ൽ നിർദ്ദേശിച്ച പ്രകാരം പഞ്ചായത്തിന്റെ വാഹനത്തിന്റെ (Bolero KL.70.9) ഉപയോഗവുമായി ബന്ധപ്പെട്ട് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു :

1.ലോഗ് ബുക്ക്.

2.പെട്രോൾ/ഡീസൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്.

3.റിപ്പയർ രജിസ്റ്റർ.

4.ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ.

5.സ്റ്റോക്ക് രജിസ്റ്റർ.

വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് മേൽ പറയുന്ന രജിസ്റ്ററുകളിലെ ലോഗ് ബുക്കും, പരിപാലനത്തിനായി മെയിന്റനൻസ് രജിസ്റ്ററും മാത്രമാണ് നിലവിൽ സൂക്ഷിച്ച് വരുന്നത്. ഓഡിറ്റിനായി ഹാജരാക്കിയ ലോഗ് ബുക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് റീഡിംഗ് എന്നിവ രേഖപ്പെടുത്തിയത് പൊരുത്തപ്പെടുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്.(6.2.2019 ലെ അന്വേഷണം നം.25) വിശദവിവരങ്ങൾ :

| തിയ്യതി | മുന്നിരിപ്പ് കി.മി. റീഡിംഗ് | യാത്രയുടെ ആവശ്യം | യാത്ര ചെയ്ത വ്യക്തികളുടെ വിവരം | നീക്കിയിരിപ്പ് കി.മി. | സഞ്ചരിച്ച കി.മി. |
|---|---|---|---|---|---|

| | | | | റീഡിംഗ് | ദൂരം |
|---|---|---|---|---|---|
| 14.06.17 | 43361 | അയിലൂരിൽ നിന്നും തിരുവനന്തപുരം സന്ദർശിക്കുന്നതിന് | പ്രസിഡന്റ് | 44250 | 889 |
| 17.06.17 (അടുത്ത യാത്ര തുടങ്ങിയത്) | 44235 | വിവിധ വാർഡുകളിലേക്ക് വീട് നികുതി പിരിക്കുന്നതിന്. | ,, | 44250 | 15 |

ബി)വാഹന പരിപാലനവുമായി ബന്ധപ്പെട്ട് മേൽ സൂചിത ഉത്തരവ് പ്രകാരം ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തി പ്രസ്തുത സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

ഓഡിറ്റിനായി ലഭ്യമാക്കിയ ലോഗ് ബുക്കിൽ ആയത് പതിപ്പിച്ചിട്ടില്ല.(6.2.2019ലെ അന്വേഷണം നം.25).ഓഡിറ്റ് വേളയിൽ ആയത് ലഭ്യമാക്കുകയുണ്ടായില്ല.പരിഹാര നടപടികൾ സ്വീകരിച്ച് വിശദീകണ സഹിതം ഓഡിറ്റിന് വിശദാംശങ്ങൾ സമർപ്പിക്കേണ്ടതാണ്.

## 3-6 പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ

പഞ്ചായത്തിന്റെ അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ നിലവിൽ കാലികമാക്കി സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകൾക്ക് ഭാഗികമായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവ് വിളക്കുകൾക്ക് 195272/-രൂപ അടവാക്കിയിട്ടുണ്ട്. (unmetered mudappallur). കണക്റ്റഡ് ലോഡ് കണക്കാക്കിയാണ് വൈദ്യുതി ചാർജ്ജ് അടവാക്കുന്നത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ചേർന്ന് സംയുക്ത പരിശോധനയിലൂടെ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ തിട്ടപ്പെടുത്തേണ്ടതാണ്.

2.12.03.2013 ലെ സ.നം.65529/ഡി.സി3/12 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

3. വൈദ്യുതി ഉപഭോഗം കൂടിയ സോഡിയം വേപ്പർ ലാമ്പുകളും, ഓർഡിനറി ബൾബുകളും മാറ്റി വൈദ്യുതി ഉപഭോഗം താരതമ്യേന കുറഞ്ഞതും ഈട് നിൽക്കുന്നതുമായ എൽ.ഇ.ഡി ലാമ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്.

4.എൽ.ഇ.ഡി ലാമ്പുകൾ ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതുമാണ്. ആയതിനാൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നല്കകി വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കി വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായവ വാങ്ങാവുതാണ്.മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 ടിഷ്യൂകൾച്ചർ വാഴതൈകൾ വിതരണം-സബ്സിഡി മാർഗരേഖയിൽ അധികരിച്ച് സഹായം അനുവദിച്ചു

പ്രൊജക്ട് നം. 388/18

അടങ്കൽ-216000

ചെലവ് -216000(ബിൽനം. 15/9.3.2018)

നിർവ്വഹണം-കൃഷി ഓഫീസർ

കർഷകർക്ക് ടിഷ്യൂകൾച്ചർ വാഴതൈ വാങ്ങി വിതരണം നടത്തുന്നതിനാണ് പദ്ധതിപ്രകാരം ലക്ഷ്യമിട്ടത്. വികസനഫണ്ടിൽ നിന്നും തുക വകയിരുത്തി പദ്ധതി തയ്യാറാക്കുകയും 53 കർഷകരെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തൈ ഒന്നിന് 20 രൂപ പ്രകാരം റെയ്ഡ്കോയിൽനിന്നും ഇൻവോയ്സ് നം. NMRA/743/2017-18, dtd- പ്രകാരം 10800 വാഴതൈകൾ വാങ്ങിയിട്ടുണ്ട്. 12.1.2018 ലെ 2(3) തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുള്ള 53 ഗുണഭോക്താക്കൾക്ക് 100% സബ്സിഡിയായി വാഴതൈകൾ വിതരണം ചെയ്തിരിക്കുന്നു. തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ

പരിശോധിച്ചതിൽ സർക്കാർ നിശ്ചയിച്ച സബ്സിഡി പരിധിയിൽ കൂടുതൽ തുകയുടെ വാഴതൈകൾ ചില കർഷകർക്ക് അനുവദിച്ചതായി കണ്ടെത്തി.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖപ്രകാരം (നം. ജി.ഒ (എം.എസ്) നം. 80/2017-തസ്വഭവ, തീയതി-3.4.2017, ഖണ്ഡിക 8.1.3) കർഷകർക്ക് തൈകൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി തുക 3500 രൂപ മാത്രമാണ്. വാഴതൈകളുടെ എണ്ണം കണക്കാക്കുമ്പോൾ താഴെപ്പറയുന്ന വ്യക്തികൾക്ക് പരിധിയിൽ അധികരിച്ച് സബ്സിഡി അനുവദിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള ഏരിയ (ഹെക്ടറിൽ) | അനുവദിച്ച എണ്ണം | 20 രൂപ പ്രകാരം വാഴയുടെ വില | അധിക തുക |
|---|---|---|---|---|---|
| 1 | ശ്രീജിത്, കല്യാണകണ്ടംതോട്ടം, അടിപ്പെരണ്ട | 1.6160 | 300 | 6000 | 2500 |
| 2 | ഷീല, മരുതഞ്ചേരി വീട്, കയറാടി | 0.3794 | 500 | 10000 | 6500 |
| 3 | ശശീന്ദ്രൻ, അരിയക്കോട്, അയിലൂർ | 1.1877 | 250 | 5000 | 1500 |
| 4 | മഞ്ജുഷ, അരിയക്കോട്, അയിലൂർ | 2.003 | 300 | 6000 | 2500 |
| 5 | അശ്വിൻ, അരിയക്കോട്, അയിലൂർ | 0.7780 | 300 | 6000 | 2500 |
| 6 | രമേഷ്.സി.കെ, ചേവക്കുളം ഹൗസ്, ചൊരപ്പാടം, കയറാടി | 2.2138 | 300 | 6000 | 2500 |
| 7 | കെ.പി.ജോസ്, കരിമ്പുകല ഹൗസ്, കയറാടി | 1.6860 | 300 | 6000 | 2500 |
| 8 | എം.അബ്ദുൾസത്താർ, ചക്രായി | 0.8186 | 300 | 6000 | 2500 |
| 9 | ഷൈലജ ഭവദാസൻ, പുതുച്ചി | 1.253 | 200 | 4000 | 500 |
| 10 | മുരളീധരൻ, ഇടിയംപൊറ്റ, | 1.6030 | 250 | 5000 | 1500 |

| | | | | | |
|---|---|---|---|---|---|
| | അയിലൂർ | | | | |
| 11 | സെയ്ത് മുഹമ്മദ്, ടി.എൻ.മൻസിൽ, കല്ലംപറമ്പ് | 0.4450 | 200 | 4000 | 500 |
| 12 | കെ.എൻ.സുഭാഷ്, കണ്ടംകുളങ്ങരവീട് | പൊസഷൻ സർട്ടിഫിക്കറ്റ് ഇല്ല | 250 | 5000 | 1500 |
| 13 | ആലിക്കുട്ടി, പുത്തൻപുരക്കൽ കോഴിക്കാട് | 0.2630 | 500 | 10000 | 6500 |
| 14 | സ്വപ്ന, മന്ദംകുളമ്പ്, അയിലൂർ | 1.3709 | 500 | 10000 | 6500 |
| 15 | എൻ.പ്രഭാകരൻ, ചീതാവ്, അയിലൂർ | അപേക്ഷ , മറ്റു രേഖകൾ ഇല്ല | 300 | 6000 | 2500 |
| 16 | ജെയ്സൺലൂക്കോസ്, കുന്നത്തിൽ, വീഴ്ലി | 1.0259 | 300 | 6000 | 2500 |
| 17 | ബേബി, പള്ളിക്കുന്നേൽ, വീഴ്ലി | പൊസഷൻ സർട്ടിഫിക്കറ്റ് ഇല്ല | 250 | 5000 | 1500 |
| 18 | ജനാർദ്ദനൻ, പൊറ്റശ്ശേരി, അയിലൂർ | 0.5350 | 250 | 5000 | 1500 |
| 19 | നാരായണൻ.സി, കൃഷ്ണശിവ, അരിയക്കോട് | പൊസഷൻ സർട്ടിഫിക്കറ്റ് ഇല്ല | 250 | 5000 | 1500 |
| 20 | സുന്ദരൻ, പുതുച്ചി, അയിലൂർ | 1.0123 | 250 | 5000 | 1500 |
| 21 | രാധികസഹദേവൻ, ആന്തൂർതോട്ടം, അയിലൂർ | 1.5885 | 250 | 5000 | 1500 |
| 22 | കുട്ടപ്പൻ, കണ്ടംകുളങ്ങര, അയിലൂർ | 0.7891 | 250 | 5000 | 1500 |
| 23 | കമറുദ്ദീൻ, വീഴ്ലി, പയ്യാംകോട് | 1.5267 | 500 | 10000 | 6500 |
| 24 | ജയപ്രകാശ്, പുലിക്കൽചിറ, | അപേക്ഷ മാത്രമാണുള്ളത്. | 200 | 4000 | 500 |

| | | | | | |
|---|---|---|---|---|---|
| | അയിലൂർ | മറ്റുരേഖകൾ ഇല്ല.ആവശ്യപ്പെട്ടത് 150 എണ്ണം | | | |
| 25 | കലാവതി, കിഴക്കേത്തോട്ടം, അയിലൂർ | 0.5274 | 300 | 6000 | 2500 |
| 26 | സജിത്ത്, പുതുച്ചി, അയിലൂർ | അപേക്ഷ , മറ്റു രേഖകൾ ഇല്ല | 375 | 7500 | 4000 |
| 27 | സുലൈമാൻ, പാലിയമംഗലം, അയിലൂർ | 1.0942 | 400 | 8000 | 4500 |
| ആകെ അധികം അനുവദിച്ച തുക | | | | | 72000 |

സബ്സിഡി മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള തുകയേക്കാൾ അധികരിച്ച് സബ്സിഡി നൽകിയതിനാൽ ഉണ്ടായ നഷ്ടം 72000.00 രൂപ നിരാകരിക്കുന്നു. സബ്സിഡി പരിധിയിൽ അധികരിച്ച് ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/4.2.2019) മാർഗ്ഗരേഖയിലെ പരമാവധി തുക ശ്രദ്ധയിൽപ്പെടാത്തതുകൊണ്ട് പിഴവ് സംഭവിച്ചതാണെന്ന മറുപടിയാണ് നിർവഹണോദ്യോഗസ്ഥ ലഭ്യമാക്കിയത്. സബ്സിഡി പരിധിയിൽ അധികരിച്ച് ധനസഹായം അനുവദിച്ചതിന് സാധൂകരണം ലഭ്യമാക്കാം എന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകൽ -അധിക സബ്സിഡി അനുവദിച്ചു

പ്രൊജക്ട് നം- 96/18 -ക്ഷീര കർഷകർക്ക് പാലുൽപ്പാദനത്തിന് ഇൻസെന്റീവ്

നിർവഹണ ഉദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ -1512500

വികസന ഫണ്ട് ജനറൽ-1200000

ബ്ലോക്ക് ഷെയർ -212500

ജില്ലാപഞ്ചായത്ത് ഷെയർ-100000

ആകെ ചെലവ് - 1512599

| ബിൽ നം. | തുക |
|---|---|
| 1/12.1.2018 | 1076946 |
| 2/28.3.2018 | 123054 |
| 2334885/24.3.2018 | 312499 |
| ആകെ | 1512599 |

ക്ഷീരോൽപാദനം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി 7 ക്ഷീരസംഘങ്ങളിലായി പാൽ അളന്നിട്ടുള്ള 419 ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് മിൽക്ക് ഇൻസെന്റീവ് നൽകുന്നതിനായി മേൽപ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ലിറ്ററിന് 3 രൂപ പ്രകാരമാണ് ഇൻസെന്റീവ് അനുവദിച്ചിരിക്കുന്നത്.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

എ) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (നം. ജി.ഒ (എം.എസ്) 80/2017-തസ്വഭവ,3.4.2017) ഖണ്ഡിക 8-2-8 പ്രകാരം ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് ഇനത്തിൽ ഒരു വർഷത്തേക്ക് നൽകാവുന്ന പരമാവധി സബ്സിഡി തുക 30000 രൂപ മാത്രമാണ്. 2017-18 വർഷത്തിൽ താഴെപ്പറയുന്ന വ്യക്തികൾക്ക് സബ്സിഡി പരിധിയിൽ അധികരിച്ച് തുക അനുവദിച്ചിരിക്കുന്നതായി കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | ബിൽനം/ ചെക്ക് നം തീയതി | അനുവദിച്ച തുക | അധികം |
|---|---|---|---|---|
| വി.എം പൗലോസ്, കയറാടി ക്ഷീരസംഘം | 339502010007229-യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | 1/12.1.2018 | 22524 | 5969 |
| | | 2/28.3.2018 | 3540 | |
| | | 2334885/ | 9905 | |
| ആകെ അനുവദിച്ച തുക | | | 35969 | |
| ഉമറുൾ ഫാറൂഖ്,അടിപ്പെരണ്ട ക്ഷീരസഹകരണസംഘം | 67150802153 -എസ് ബി ഐ | 1/12.1.2018 | 30000 | |
| | | 2/28.3.2018 | 3714 | |
| | | 2334885/ | 6488 | |
| ആകെ അനുവദിച്ച തുക | | | 40202 | 10202 |
| ആകെ അധികം അനുവദിച്ച തുക | | | | 16171 |

അധികനിരക്കിൽ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/31.1.2019) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അധികമായി അനുവദിച്ച തുക 16171 രൂപ നിരാകരിക്കുന്നു.

എ) ബിൽനം. 1/12.1.2018 പ്രകാരം പിൻവലിച്ച 1076946 രൂപ 7 ക്ഷീരസംഘങ്ങളുടെ

ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. എല്ലാകർഷകരുടെയും ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ക്ഷീരസംഘങ്ങളുടെയും പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ക്ഷീരസംഘങ്ങളിൽ നിന്ന് കർഷകർക്ക് തുക ലഭ്യമായിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ കഴിയാത്തതിനാൽ ക്ഷീരസംഘങ്ങൾക്ക് നൽകിയ 1076946 രൂപ തടസപ്പെടുത്തുന്നു. ഏതെങ്കിലും കർഷകർക്ക് സബ്സിഡി തുക ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. (ഓഡിറ്റ് എൻക്വയറി നം.4/31.1.2019). രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

# 3-9 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങൾ വിലയിരുത്തൽ.

2017-18 സാമ്പത്തിക വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത 4697 തൊഴിൽ കാർഡുകളിലായി 4624 തൊഴിലാളികളാണ് പ്രവൃത്തി നിർവ്വഹിച്ച് വരുന്നത്. 100 തൊഴിൽ ദിനങ്ങൾ 33 കുടുംബങ്ങൾക്ക് ലഭിച്ചിട്ടുമുണ്ട്. തൊഴിൽ ആവശ്യപ്പെട്ട എല്ലാവർക്കും തന്നെ തൊഴിൽ നല്കിയിട്ടുണ്ട്. തൊഴിൽ രഹിത വേതനം ആർക്കും നല്കപ്പെട്ടില്ല. 2017-18ൽ 3651പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുകയും 35,31,15,000.00 രൂപ വകയിരുത്തിയിട്ടുമുണ്ട്. 296 പദ്ധതികൾ നിർവ്വഹിക്കുകയും, ആയതിൽ 180 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ സാധന സാമഗ്രികൾ ആവശ്യമുള്ള പ്രവൃത്തികൾക്ക് 8,84,911/- രൂപ മെറ്റീരിയൽസിനുള്ള ചെലവായി ഉൾപ്പെട്ടിട്ടുണ്ട്. തൻ വർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 1,93,40,000/- രൂപയാണ്. 2739കുടുബങ്ങൾ തൊഴിൽ ആവശ്യപ്പെടുകയും 2382 കുടുബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുമുണ്ട്. തൊഴിൽ സ്ഥലങ്ങളിൽ അപകടങ്ങളൊന്നും സംഭവിച്ചിട്ടില്ല. പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നില്ല. 2017-18 സാമ്പത്തിക വർഷത്തിൽ 31 സ്ഥിര ആസ്ഥികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സെപ്റ്റംബർ, മാർച്ച് എന്നീ മാസങ്ങളിലായി സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്.പരാതി രജിസ്റ്റർ പരപാലിക്കപ്പെടുന്നുണ്ട്.നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| മണ്ണ് - ജല സംരക്ഷണം | 25 | 77,38,050/- |

| | | |
|---|---|---|
| വരൾച്ച തടയൽ, വനവത്കരണം | 15 | 63,396/- |
| ചെറുകിട ജലസേചനം | 5 | 36,04,858/- |
| പട്ടിക ജാതി - പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികാസം | 246 | 74,62,813/- |
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 5 | 5,34,894/- |
| ഭൂവികസനം | - | - |
| വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവൃത്തനങ്ങൾ | - | - |
| മറ്റ് ചെലവുകൾ | - | - |
| ആകെ | 296 | 19,40,4,011/- |

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങൾ നല്ല രീതിയിൽ നിർവ്വഹിച്ച് വരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-10 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. (വർക്ക് ഫയലുകളിൽ സെലക്ഷൻ നോട്ടീസ് നൽകിയതായി രേഖ ഇല്ല.)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം<br>പി.എ.സി | ടെണ്ടർ അംഗീകരിച്ചത് | എഗ്രിമെന്റ് തീയതി/ കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 12/18 -ആലമ്പള്ളം പൊട്ടക്കുളം റോഡ് മെറ്റലിംഗ് & ടാറിംഗ് ₹.400000/- | 27.9.17 | 164/18.12.17 ശ്രീ.അബ്ദുൾ ഖാദർ | 4000 |
| 2 | 87/18-പുളിക്കൽചിറ റോഡ് മെറ്റലിംഗ് & ടാറിംഗ്, ₹.250000/- | 27.9.17 | 94/21.10.17 ശ്രീ.ഉമേഷ് | 2500 |
| 3 | 89/18 -തെക്കേ കുളമ്പ് കനാൽ റോഡ് സൈഡ് സംരക്ഷണം ₹.400000/- | 27.9.17 | 95/21.10.17 ശ്രീ.ഉമേഷ് | 4000 |
| 4 | 90/18 -പുളിക്കച്ചിറ വെരോട് റോഡ് സൈഡ് സംരക്ഷണം ₹.300000/- | 27.9.17 | 96/21.10.17 ശ്രീ.ഉമേഷ് | 3000 |
| 5 | 192/18 -തിരിഞ്ഞക്കോട് എസ്.സി. കോളനി സൈഡ് സംരക്ഷണം ₹.200000/- | 27.9.17 | 140/1.11.17 ശ്രീ.ബാലചന്ദ്രൻ. കെ.കെ. | 2000 |
| 6 | 200/18 -മണലൂർചള്ള ചോല റോഡ് സൈഡ് സംരക്ഷണം ₹.100000/- | 27.9.17 | 109/27.10.17 ശ്രീ.സലിം | 1000 |
| 7 | 223/18- കുന്നുപറമ്പ് കുടിവെള്ള പദ്ധതി ₹.300000/- | 27.9.17 | 100/24.10.17 ശ്രീ.അബ്ദുൾ ഖാദർ | 3000 |
| 8 | 232/18 -കുന്നങ്കാട് കുടിവെള്ള പദ്ധതി ₹.200000/- | 27.9.17 | 98/24.10.17 ശ്രീ.അബ്ദുൾ ഖാദർ | 2000 |
| 9 | 86/18 -താണിക്കോട് കുന്നംകാട് റോഡ് സൈഡ് സംരക്ഷണം ₹.598833.81/- | 27.9.17 | 93/21.10.17 ശ്രീ.ഉമേഷ് | 5988 |
| 10 | 340/18 -കൊടിക്കരിമ്പ് അംഗൻവാടി നിർമ്മാണം ₹.1409641.42 | 27.9.17 | 97/24.10.17 ശ്രീ.സതീഷ് | 14096 |

| | | | | |
|---|---|---|---|---|
| 11 | 233/18 -തെക്കെത്തറ ചേരൂർമുക്ക് കൊണ്ടശ്ശേരി റോഡ് ഡ്രൈനേജ് നിർമ്മാണം ₹.300000/- | 27.10.17 | 162/4.12.17 ശ്രീ.സെയ്തു മുഹമ്മദ് | 3000 |
| 12 | 394/17 -അരിയക്കോട് കുടിവെള്ള പദ്ധതി ₹.400000/- | 27.10.17 | 164/18.12.17 ശ്രീ.തങ്കച്ചൻ | 4000 |
| 13 | 363/18 -മരുതഞ്ചേരി റോഡ് റീ കോൺക്രീറ്റ് ₹.100000/- | 27.10.17 | 159/28.1117 ശ്രീ.അബ്ദുൾ ഖാദർ | 1000 |
| ആകെ | | | | 49584 |

ഈടാക്കുവാൻ വിട്ടുപോയ ആകെ പിഴ ₹49584/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/4.2.19ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-11 എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ സമയ പരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് കരാറുകാർ എഗ്രിമെന്റ് കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ നിർവഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയർ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. കരാറുകാരനിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ നിബന്ധന 7 പ്രകാരം ഗ്രേസ്സ്പിരീഡ് (20% സമയം) കഴിഞ്ഞ് ആദ്യത്തെ മൂന്ന മാസത്തിന് പിഎസിയുടെ 1%, അടുത്ത ഓരോ മൂന്ന മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്.

കേരള പൊതുമരാമത്തു മാന്വൽ (2012) പ്രകാരം കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവു മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. മേൽക്കാരണങ്ങളാൽ ഈ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും താഴെ സൂചിപ്പിക്കും വിധം പിഴ ഈടാക്കേണ്ടതാണ്.

1. കുണ്ടുകാട് കണ്ടൻകുളങ്ങര റോഡ് കോൺക്രീറ്റ്

പ്രൊജക്റ്റ്നം. - SO330/18

പി.എ.സി.- ₹.199866 /-

ചെലവ്- ബിൽ നം -81/11.1.18 തുക – ₹.199866/-

കരാറുകാരൻ- ശ്രീ. ഷാജി

എഗ്രിമെൻറ് നം- 128/28.3.17
എം ബുക്ക് നമ്പർ 128/16-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 28.4.17 (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 28.6.17 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

ഈടാക്കേണ്ട പിഴ

29.4.17 മുതൽ 4.5.17 വരെ (ഗ്രേസ് പിരിയഡ്)= 6 ദിവസം

5.5.17 മുതൽ 27.6.17വരെ: @1% = ₹.1199/- (54 ദിവസം)

ഈടാക്കേണ്ട ആകെ പിഴ : ₹.1199/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹.1199/-

2. അയിലൂർ ഗവ. യു.പി. സ്കൂൾ മെയിന്റനൻസ്

പ്രൊജക്റ്റ്നം. - SO308/18

പി.എ.സി.- ₹.952917.43 /-

ചെലവ്- ബിൽ നം -1)59/31.10.17 - ₹.602051/-

2)151/6.3.18 -₹.350866/-

----------------

₹.952917/-

===========

കരാറുകാരൻ- ശ്രീ. രവീന്ദ്രൻ.വി.

എഗ്രിമെൻറ് നം- 138/31.3.17
എം ബുക്ക് നമ്പർ 138/16-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.6.17 (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 28.12.17 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

ഈടാക്കേണ്ട പിഴ

1.7.17 മുതൽ 18.7.17 വരെ (ഗ്രേസ് പിരിയഡ് )= 18ദിവസം

19.7.17 മുതൽ 18.10.17വരെ: @1% = ₹.9529/-

19.10.17 മുതൽ 27.12.17 വരെ: @2% = ₹.14611/- (69 ദിവസം)

ഈടാക്കേണ്ട ആകെ പിഴ : ₹.24140/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - 24140/-

3. അടിപ്പെരണ്ട ബസ്സാർ കുടിവെള്ള പദ്ധതി

പ്രൊജക്റ്റ്നം. - SO29/15, 408/18

പി.എ.സി.- ₹.367288/-

ചെലവ്- ബിൽ നം - ₹.103325/- ചെക്ക് നം. 7324662/15.3.18 (Treasury SB A/c.No.799011400003937)

കരാറുകാരൻ- ശ്രീ.നാസർ

എഗ്രിമെൻറ് നം- 47/22.12.14
എം ബുക്ക് നമ്പർ 127/16-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 31.3.15

പൂർത്തീകരിച്ച തീയതി- 21.3.16 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

ഈടാക്കേണ്ട പിഴ

1.4.15 മുതൽ 20.4.15 വരെ (ഗ്രേസ് പിരിയഡ് )= 20 ദിവസം

21.4.15 മുതൽ 20.7.15 വരെ: @1% = ₹.3673/-

21.7.15 മുതൽ 20.10.15 വരെ: @2% = ₹.7346/-

21.10.15 മുതൽ 20.1.16 വരെ : @2% - ₹.7346/-

21.1.16 മുതൽ 20.3.16 വരെ : @2% -₹.4734/- (58 ദിവസം)

ഈടാക്കേണ്ട ആകെ പിഴ : ₹.23099/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹. 23099/-

അടിപ്പെരണ്ട ബസ്സാർ കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയുടെ കാലതാമസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി. നം.26/5.2.2019ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. കൂടാതെ 22.12.2014ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി 2015-16 സാമ്പത്തിക വർഷം പൂർത്തിയായെങ്കിലും 2016-17 കാലയളവിൽ സ്പിൽ ഓവർ പ്രൊജക്ട് ആയി ഉൾപ്പെടുത്താതെ 2017-18 വർഷം New project ആയി ഉൾപ്പെടുത്തിയാണ് തുക പിൻവലിച്ചിരിക്കുന്നത്.

<u>അകെ ഈടാക്കേണ്ട പിഴ - ക്രമനം. (1) +(2) +(3)= ₹. 1199+ 24140+ 23099 =₹.48438/-</u>

പിഴയിനത്തിൽ മേൽ പ്രകാരം കരാറുകാരിൽ നിന്നും ഈടാക്കേണ്ട ₹.48438/- ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/4.2.19ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

## **3-12** <u>സർവീസ് ടാക്സ് ഒടുക്കിയതിന് തെളിവില്ല-തുക തിരികെ ഈടാക്കേണ്ടതാണ്</u>

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികളിൽ സർവീസ് ടാക്സ് തുക ഉൾപ്പെടുത്തിയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. എന്നാൽ കരാറുകാരൻ സർവീസ് ടാക്സ് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

1) പ്രൊജക്ട് നം. SO293/18- കയറാടി എൽ.പി.സ്കൂൾ റിപ്പയർ രണ്ടാം ഘട്ടം

അടങ്കൽ - ₹.300000/- {മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)}

ചെലവ് - ₹.299855/- ബിൽ നം. 41/24.8.17

കരാറുകാരൻ - ശ്രീ. സലിം

എം.ബി. നം. 86/16-17

എഗ്രിമെന്റ് നം. 86/18.3.17

എം.ബുക്ക് പ്രകാരം അനുവദിച്ചത്:

Total Value of work done - ₹.271362.00

സേവന നികുതി (10.5%) (+) -₹.28493.00

Total - ₹.299855/-

കുറയ്ക്കുക (-)

IT 1% - 2999/-

VAT 4% - 11994/-

KCWWf 1% - 2999/-

--------------------

കരാറുകാരന് നൽകിയ തുക - 281863/-

==============

2) പ്രൊജക്ട് നം. SO313/18- എൽ.എസ്.ജി.ഡി.എ.ഇ.ഓഫീസ് നവീകരണം

അടങ്കൽ - ₹.450000/- ലോകബാങ്ക് സഹായം

ചെലവ് - ₹.449987/- ബിൽ നം. 40/18.8.17

കരാറുകാരൻ - ശ്രീ. ഉമേഷ്.എം.

എം.ബി. നം. 82/16-17

എഗ്രിമെന്റ് നം. 82/18.3.17

എം.ബുക്ക് പ്രകാരം അനുവദിച്ചത്:

Total Value of work done - ₹.424516.31

സേവന നികുതി (6%) (+) -₹.25470.98

Total - ₹.449987.29/-

കുറയ്ക്കുക (-)

IT 1% - 4500/-

VAT 4% - 17999/-

KCWWf 1% - 4500/-

--------------------

കരാറുകാരന് നൽകിയ തുക - 422988/-

==============

അധികം നൽകിയ ₹.53964/- (₹.28493 + ₹.25471/-) നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/4.2.19ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-13 അയിലൂർ ഗവ. യു.പി. സ്കൂൾ മെയിന്റനൻസ് -പൊളിച്ചു മാറ്റിയ സാധനങ്ങൾ ലേലം ചെയ്യേണ്ടതാണ്

പ്രൊജക്റ്റ് നം. SO308/18 - അയിലൂർ ഗവ. യു.പി. സ്കൂൾ മെയിന്റനൻസ്-

അടങ്കൽ -₹.1058000/- [മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)]

ചെലവ്- ബിൽ നം -1)59/31.10.17 - ₹.602051/-

2)151/6.3.18 -₹.350866/-

----------------

₹.952917/-

===========

കരാറുകാരൻ-ശ്രീ രവീന്ദ്രൻ.വി.
എം.ബുക്ക് നമ്പർ 138/17

അയിലൂർ ഗവ. യു.പി. സ്കൂൾ മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ കെട്ടിടത്തിന്റെ നിലവിലുള്ള മരത്തിന്റെ കഴുക്കോലുകൾ മാറ്റി ഇരുമ്പിന്റെ ട്രസ്സ് വർക്ക് ചെയ്യുകയും വാതിലുകളും ജനലുകളും മാറ്റി പുതിയ ഇരുമ്പിന്റെ വാതിലുകളും ജനലുകളും വയ്ക്കുകയുംചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ഇനം (1),(2),(3),(4) എന്നിവ പ്രകാരം പൊളിച്ചു മാറ്റിയ Serviceable materials ഉപയോഗയോഗ്യമായവ സ്റ്റോക്ക് ചെയ്യുന്നതിനും അല്ലാത്തവ നീക്കം ചെയ്യുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്.

എന്നാൽ പൊളിച്ചുമാറ്റിയവയിൽ ഉപയോഗയോഗ്യമായതിന്റെയും അല്ലാത്തതിന്റെയും വിവരം അളവുപുസ്തകത്തിൽ ചേർത്ത് സാക്ഷ്യപ്പെടുത്തുകയോ ഉപയോഗിക്കാവുന്നവയുടെ വിവരം ചേർത്ത് വില കുറവുചെയ്യുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/4.2.19ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക ചെയ്ത ഉപയോഗയോഗ്യമായ ഇനങ്ങൾ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭാവിയിൽ ഉപയോഗയോഗ്യമായതിന്റെയും അല്ലാത്തതിന്റെയും വിവരം അളവുപുസ്തകത്തിൽ ചേർത്ത് സാക്ഷ്യപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

പൊളിച്ച മാറ്റിയ ഇനങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആദ്യ ലേലം നടത്തിയപ്പോൾ വാല്യൂവേഷന്റ വില കിട്ടാത്തതിനാൽ പുനർലേലം നടത്താനുള്ള നടപടികൾ സ്വീകരിച്ച വരുന്ന എന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## **3-14** വീഴ്‌ലി എസ്.സി. കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ **2nd Stage** -അധികം നൽകിയ തുക തിരിച്ചടക്കണം

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. 306/18 – വീഴ്‌ലി എസ്.സി. കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ 2nd Stage എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും, ടെണ്ടർ ഡീവിയേഷൻ കുറവാക്കാതെ അവസാന ബിൽ നൽകിയതിലൂടെ കരാറുകാരന് ₹. 2250/- അധികം നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

അടങ്കൽ : ₹.450000/- (പ്ലാൻ -എസ്.സി.പി)

ചെലവു തുക: 1. ₹.450000/- ബിൽ നം: 24/30.6.17

എഗ്രിമെന്റ് നം: 94/18.3.17 കരാറുകാരൻ: ശ്രീ.പുഷ്പാകരൻ

ടെണ്ടർ നിരക്ക്: 0.5% കുറവ് അളവു പുസ്തകം: 94/16-17

ആകെ പ്രവൃത്തിമൂല്യം : 450000/-

നികുതികൾ (-) : 27000/-

കരാറുകാരൻ കൈപ്പറ്റിയത്: ₹.423000/-

കരാറുകാരന് അനുവദിക്കാവുന്നത്: 450000-27000(നികുതികൾ)- 2250(ടെണ്ടർ

ഡീവിയേഷൻ) = ₹.420750/-

അധികം നൽകിയത്: ₹.2250/-

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/4.2.19ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ ₹.2250/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-15** പൊതു മരാമത്ത് പ്രവൃത്തികളുടെ ഫലപ്രദമായ പൂർത്തീകരണം ഉറപ്പ വരുത്തേണ്ടതാണ്

2017-18 വർഷം നടപ്പിലാക്കിയ പദ്ധതികളിൽ 66 പ്രവൃത്തികൾ റോഡ് പ്രവൃത്തികളും 68 പ്രവൃത്തികൾ റോഡ് സൈഡ് സംരക്ഷണ പ്രവൃത്തികളുമാണ്. 8.5.17 ലെ ഭരണ സമിതി മിനുട്സ് തീരുമാനം നം. (1) പ്രകാരം റോഡു പ്രവൃത്തികൾ പലതും തീരെ ഗുണനിലവാരം പുലർത്തുന്നില്ലെന്നും ഇത്തരം കോൺട്രാക്ടർമാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും അടുത്ത തവണ അവരെ ഒഴിവാക്കേണ്ടതുമാണെന്ന് പ്രസിഡന്റും മെമ്പർമാരും ആവശ്യപ്പെടുകയും നടപടികൾ സ്വീകരിക്കാൻ എ.ഇ.യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 13.6.17ലെ ഭരണ സമിതി മിനുട്സ് തീരുമാനം പ്രകാരം താഴെ പറയുന്ന പ്രവൃത്തികളെ സംബന്ധിച്ച് പരാതി ഉള്ളതിനാൽ എ.ഇ.യോട് റിപ്പോർട്ട് ശേഖരിക്കാനും തൃപ്തികരമായ രീതിയിൽ പ്രവൃത്തി പൂർത്തീകരിച്ചശേഷം പേയ്മെന്റ് നടത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

- താഴെ കോപ്പംകുളമ്പ് റോഡ് ടാറിംഗ്
- കയറാടി ഉദയം ക്ലബ് റോഡ്
- കൊടിക്കരിമ്പ് റോഡ്
- പാലമുക്ക് ഡ്രൈനേജ്
- പാറക്കൽ കുടിവെള്ള പദ്ധതി
- തകരമട സൈഡ് കെട്ടൽ

ടി പ്രവൃത്തികളുടെ കാലയളവ്, ഫൈനൽ ബിൽ നൽകിയ വിവരം പ്രൊജക്ട് വിവരങ്ങൾ എന്നിവയും പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടോ എന്നുള്ള വിവരങ്ങളും തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറി

നം.14/4.2.2019ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് എന്നിവ പരിശോധിച്ചതിൽ മേൽ വിഷയം ചർച്ച ചെയ്തതിന്റെയോ പ്രവൃത്തികളുടെ ഫലപ്രാപ്തി സംബന്ധിച്ചോ രേഖപ്പെടുത്തലുകൾ ഇല്ല.

ഓഡിറ്റ് നിർദ്ദേശം

- 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം.72/2017 ത.സ്വ.ഭ.വ. തിയതി, 29.3.2017 പ്രകാരം പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.
- സ്റ്റാന്റിംഗ് കമ്മിറ്റികൾ ആക്ട് പ്രകാരവും മാർഗ്ഗരേഖ പ്രകാരവും ചുമതലപ്പെടുത്തിയിട്ടുള്ള എല്ലാ കാര്യങ്ങളിലും ഫലപ്രദമായി ഇടപെട്ട് പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നു എന്നുറപ്പ് വരുത്തേണ്ടതാണ്.
- നിർമ്മാണ പ്രവൃത്തി നടക്കുന്ന സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡിൽ കരാറുകാരന്റെയും എഞ്ചിനീയറുടെയും പേർ സഹിതം പ്രവൃത്തി സംബന്ധിച്ച മുഴുവൻ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 3-16 പകൽ വീട് പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊജക്ട് നം. S0011/18 – കയറാടി കല്ലംപറമ്പ് -വൃദ്ധർക്ക് പകൽവീട് നിർമ്മാണം

അടങ്കൽ -₹.468550.00 [വികസന ഫണ്ട് (ജനറൽ)]

ചെലവ് - ₹.430132/- ((ബിൽ നം. 121/27.3.17

പകൽവീട് നിർമ്മാണം എന്ന പ്രവൃത്തിയിൽ കെട്ടിട നിർമ്മാണം മാത്രം ചെയ്തിരിക്കുന്നു. 6.2.19ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പകൽവീട് കെട്ടിടം പരിശോധിച്ചതിൽ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ് എന്നീ പ്രവൃത്തികൾ ഇനിയും പൂർത്തിയാക്കിയിട്ടില്ല എന്നും ഒരു ഹാൾ മാത്രം നിർമ്മിച്ച് ഹാളിൽ ഇരിപ്പിടങ്ങൾ വാർത്തിട്ടിരിക്കുന്നതായും കാണുന്നു. ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. താഴെ പറയമ്പള്ളം (സെന്റർ നം. 51) കെട്ടിടത്തിനോടു ചേർന്നാണ് പകൽവീട് നിർമ്മിച്ചിരിക്കുന്നത്. കെട്ടിടത്തിൽ ബോർഡ് സ്ഥാപിച്ചിട്ടില്ല.

13-ാം പദ്ധതി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്)72/2017 ത.സ്വ.ഭ.വ. തിയതി, 29.3.17 ഖണ്ഡിക 6.6 പ്രകാരം കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒരു പ്രൊജക്ട് തയ്യാറാക്കണം എന്ന് നിഷ്കർഷിക്കുന്നു.

കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ടോയ്ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയാലും നിലവിൽ കെട്ടിടം വയോജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന അവസ്ഥയിലല്ല എന്ന് പരിശോധനാ വേളയിൽ ബോദ്ധ്യമായിട്ടുണ്ട്. പകൽ വീട് മുഴുവൻ പ്രവൃത്തിയും പൂർത്തീകരിച്ച് വയോജനങ്ങൾക്ക് പ്രയോജനപ്രദമാവുന്ന രീതിയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തന ക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.





പകൽ വീട്

ഓഡിറ്റ് നിർദ്ദേശം

- പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ പ്രൊജക്ടിന്റെ അടങ്കൽ തുകയെകുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തി എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ടായി എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

- പ്രൊജക്ട് തയ്യാറാക്കുമ്പോൾ തന്നെ ആവശ്യകത വിലയിരുത്തി തയ്യാറാക്കേണ്ടതും സൃഷ്ടിക്കപ്പെടുന്ന ആസ്തി പ്രൊജക്ട് വിഭാവനം ചെയ്ത ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണ് എന്ന് മോണിറ്റർ ചെയ്യേണ്ടതുമാണ്. മേൽ വിഷയത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും

പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

പകൽ വീട് പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവഴിച്ച തുക പാഴ്ചെലവാകുന്നതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-17 എസ്.സി.പി.ഫണ്ട് - സാമൂഹ്യഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഇല്ലാതെ പ്രവൃത്തി നിർവഹിച്ചു

1. പ്രൊജക്റ്റ് നം. 306/18 -വീഴ്‌ലി എസ്.സി. കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ 2nd Stage

അടങ്കൽ - ₹.450000/- വികസന ഫണ്ട് (എസ്.സി.പി)

ചെലവ് - ₹.450000/- ട്രഷറി ബിൽ നം. 24/303.6.17

2. പ്രൊജക്റ്റ് നം.300/18 -പൂഞ്ചേരി എം.ജി.എൽ.സി. സ്കൂൾ മെയിന്റനൻസ്

അടങ്കൽ - ₹.200000/- വികസന ഫണ്ട് (എസ്.സി.പി)

ചെലവ് - ₹.170580/- ട്രഷറി ബിൽ നം. 63/30.11.17

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

വീഴ്‌ലി എസ്.സി. കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ 2nd Stage എന്ന പ്രവൃത്തി എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നിർവഹിച്ചിരിക്കുന്നു. സാമൂഹ്യഭൂപടവും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കൂടാതെ പൂഞ്ചേരി എം.ജി.എൽ.സി. സ്കൂൾ മെയിന്റനൻസ് എന്ന പ്രവൃത്തിയും എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നിർവഹിച്ചിരിക്കുന്നു. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.14/4.2.2019ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.സി പ്രോജക്റ്റുകളുടെ നിർവ്വഹണത്തിൽ ആവശ്യമായ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല

2017-18 ൽ പൂർത്തീകരിച്ചിട്ടുള്ള (സ്പിൽ ഓവർ & പുതിയവ) റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളിൽ ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/ | ബിൽ നം, തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | കരാറുകാരൻ -ശ്രീ. ഷാജഹാൻ | | | |
| | 51/18- ചേവുണ്ണി -താഴെ കോപ്പൻകുളമ്പ് റോഡ് മെറ്റലിംഗ് & ടാറിംഗ് | 93/11.1.18 -784025/-,<br>73/17,73A/17 | SS1-473.11 –<br>VG-30–1522.81<br>RS1-140.42 | 2.6<br>9.76<br>0.77 |
| ആകെ | | | | 13 |
| | കരാറുകാരൻ - ശ്രീ.ബാലചന്ദ്രൻ | | | |
| | 290/18- ചീനിമൊക്ക് പയ്യാങ്കോട് കനാൽ റോഡ് മെറ്റലിംഗ് & ടാറിംഗ് | 140/27.3.18 -344568,<br>32/17 | SS1-433.42<br>VG-30-1244.15<br>RS1-114.73 | 2.39<br>8<br>0.63 |
| ആകെ | | | | 11 |

ബാരലിന്റെ വില @ 250/-

- ശ്രീ.ഷാജഹാൻ - 250 x 13= ₹.3250
- ശ്രീ.ബാലചന്ദ്രൻ -250 x 11= ₹.2750

ആകെ ഈടാക്കേണ്ടത് =₹.6000/-

₹.6000/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/4.2.2019, 26/5.2.19 എന്നിവയ്ക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

# 3-19 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത് / ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|
| 274 | 168 | 61.31% |
| 88536299 | 52604201 | 59.42% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 61.31% പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 59.42% തുകയെ ചെലവഴിക്കാനും സാധിച്ചിട്ടുള്ളൂ.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 7242730 | 5717390 | 78.94% |
| വികസന ഫണ്ട് (എസ്.സി.പി) | 6405000 | 5144036 | 80.31% |
| വികസന ഫണ്ട് (ടി.എസ്.പി) | 651797 | 382897 | 58.74% |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 7976494 | 3475377 | 43.57% |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 1435620 | 1434654 | 99.93% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1000000 | 0 | 0% |
| തനതു ഫണ്ട് | 2713825 | 1600401 | 58.97% |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 51975896 | 31205991 | 60.00% |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 8254837 | 3643455 | 44.14% |
| മറ്റുള്ളവ | 880100 | 0 | 0 |

| | | | |
|---|---|---|---|
| ആകെ | 88536299 | 52604201 | 59.42% |

- നടപ്പിലാക്കിയപദ്ധതികളിൽ 66 പദ്ധതികൾ റോഡ് പ്രവൃത്തികളും 68 പ്രവൃത്തികൾ റോഡ് അരിക് സംരക്ഷണ പ്രവൃത്തികളും ആണ്. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

- തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

  കൂടാതെ 168 പദ്ധതികൾ നടപ്പിലാക്കിയതിൽ 9 (5%) പ്രൊജക്റ്റുകൾ മാത്രമാണ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി നടപ്പിലാക്കിയിട്ടുള്ളത്. താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

- പ്രൊജക്റ്റ് നം. 161/18-കൈറാടി ജി.എൽ.പി.എസ്. ബിൽഡിംഗ് റിപ്പയർ
- പ്രൊജക്റ്റ് നം. 162/18 -അയിലൂർ ജി.യു.പി.എസ്. ബിൽഡിംഗ് റിപ്പയർ
- പ്രൊജക്റ്റ് നം. 163/18 -പി.എച്ച്.സി. ഹോസ്പിറ്റൽ മീറ്റിംഗ് ഹാൾ കംസ്റ്റോർ റൂം കൺസ്ട്രക്ഷൻ
- പ്രൊജക്റ്റ് നം. 164/18 – ആയുർവേദ ഹോസ്പിറ്റൽ ബിൽഡിംഗ് റിപ്പയർ
- പ്രൊജക്റ്റ് നം. 165/18 – ഹോമിയോ ഹോസ്പിറ്റൽ ബിൽഡിംഗ് റിപ്പയർ
- പ്രൊജക്റ്റ് നം. 166/18 -വിവിധ അംഗൻവാടികളുടെ റിപ്പയർ
- പ്രൊജക്റ്റ് നം. 167/18 -അയിലൂർ ജി.യു.പി.സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം ഒരുക്കൽ
- പ്രൊജക്റ്റ് നം. 234/18- ഒലിപ്പാറ എം.ജി.എൽ.സി. അടുക്കള നിർമ്മാണം
- പ്രൊജക്റ്റ് നം.340/18 -കൊടിക്കരിമ്പ് അംഗൻവാടി നിർമ്മാണം

- പ്രൊജക്ട് നം. 345/18 – അയിലൂർ കൃഷിഭവൻ-വെറ്ററിനറി ഡിസ്പെൻസറി കുടിവെള്ള പദ്ധതി
- പ്രൊജക്ട് നം. 386/18 -തിരുവാഴിയോട് അംഗൻവാടി കെട്ടിട നിർമ്മാണം.

പ്രൊജക്ട് നം.396/18 – എ.ഇ. ഓഫീസ് വൈദ്യുതീകരണം

പദ്ധതികളുടെ ബാഹുല്യവും കുറഞ്ഞ അടങ്കൽ തുകയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും വഴി ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു.

- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ഒന്നും ടെണ്ടർ ഉറപ്പിച്ചതിനുശേഷം കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിച്ചിട്ടില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.
- പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- ടെണ്ടർ ഫോമുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- കരാറുകാരൻ EMD,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു.ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.
- പ്രവൃത്തികളുടെ TS ലഭ്യമായതിന്റെ രേഖ വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി ചേർത്തിട്ടില്ല.
- 2017-18 വർഷം 600 ടെന്റർ ഫോമുകൾ ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിൽ 500 ഫോമുകൾ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇവ അസിസ്റ്റന്റ് എഞ്ചിനീയർ സ്റ്റോക്കിലെടുക്കുന്നില്ല. ടെന്റർ ഫോം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ

കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-20 അയിലൂർ പഞ്ചായത്തിൽ ഗ്യാസ് ക്രിമിറ്റോറിയം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

പ്രൊജക്ട് നം. 218/18-അയിലൂർ പഞ്ചായത്തിൽ ഗ്യാസ് ക്രിമിറ്റോറിയം

അടങ്കൽ - ₹.2000000/- വികസന ഫണ്ട് (ജനറൽ)

ചെലവ് - ₹.2000000/- ട്രഷറി ബിൽ നം.159/17.3.18

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ജില്ലാ പഞ്ചായത്ത് നിർവഹണം നടത്തുന്ന അയിലൂർ പഞ്ചായത്തിൽ ഗ്യാസ് ക്രിമിറ്റോറിയം എന്ന പ്രവൃത്തിയ്ക്കു വേണ്ടി ഗ്രാമപഞ്ചായത്ത് വിഹിതം ₹.2000000/- പിൻവലിച്ച് ജില്ലാപഞ്ചായത്ത് ട്രഷറി എസ്.ബി.അക്കൗണ്ട് നം. 799011400002200 -ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-21 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം -9/18

പ്രോജക്ടിന്റെ പേര് - ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ -4,00,000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ്-4,00,000/-

ബിൽ നമ്പർ 1/2017-18 തീയതി.20.10.17

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം. 80/2017/തസ്വഭവ തിയ്യതി 03.04.2019 ഖണ്ഡിക 12.4 പ്രകാരം കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പു മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണചുമതലയുള്ള തദ്ദേശസ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്നു വിതരണത്തിന്റെ കാര്യക്ഷമത

ഉറപ്പുവരുത്താവുന്നതാണ്.എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടുള്ളതല്ല. എന്നാൽ മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങിയതിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല .(ഓഡിറ്റ് അന്വേഷണം നമ്പർ 12, തീയതി 02.02.2019)

ഓഡിറ്റ് നിർദ്ദേശം

1 മരുന്നുകൾ വാങ്ങിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസറുടെ എൻ.എ.സി. വാങ്ങേണ്ടതാണ്.

2 മരുന്നുകൾ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

# 3-22 മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കിയില്ല

പഞ്ചായത്ത് പരിധിയിലുള്ള ജൈവ-അജൈവ മാലിന്യങ്ങളുടെ അളവ്, ഉറവിടങ്ങൾ നിർമാർജ്ജന സാധ്യതകൾ എന്നിവ സംബന്ധിച്ച പഠനം നടത്തി മാലിന്യസംസ്കരണം, നിർമാർജ്ജനം എന്നിവയ്ക്കായി പദ്ധതി പ്രവർത്തനങ്ങൾ ഒന്നും തന്നെ തൻ വർഷം നടപ്പിലാക്കിയിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരം മാലിന്യ സംസ്കരണം സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ ഒന്നാണ്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഒന്നായ ഖരദ്രവമാലിന്യ നിർമാർജ്ജനത്തിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ ഈ വിഷയം ചർച്ച ചെയ്തതിന്റെ രേഖപ്പെടുത്തൽ ഒന്നും തന്നെയില്ല. പദ്ധതി അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്

തൻവർഷം മാലിന്യ സംസ്കരണത്തിനായി പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. മാലിന്യസംസ്കരണത്തിനായി പ്രൊജക്ടുകൾ ആവിഷ്ക്കരിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി, മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട ശുചിത്വം, മാലിന്യ സംസ്കരണം വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ഉത്തരവാദിത്വം ശരിയായ രീതിയിൽ നിർവഹിച്ച് പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും പ്രോജക്ടുകൾ ഉദ്ദേശലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മാലിന്യ സംസ്കരണ പ്രൊജക്ടുകൾ 'ഹരിത കേരളം' മിഷന്റെ ഭാഗമായിട്ടുള്ള ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിൽ ആവിഷ്ക്കരിക്കേണ്ടതും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുകയും അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണവിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്.

2016ലെ പ്ലാസ്റ്റിക് മാനേജ്മെന്റ് ചട്ടങ്ങൾ അനുസരിച്ചുള്ള പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-23 പഞ്ചായത്തിന്റെ പരിധിയിലുള്ള ശുദ്ധ ജല വിതരണത്തിന്റെ വിശദവിവരങ്ങൾ

പഞ്ചായത്തിന്റെ അധീനതയിൽ കുടിവെള്ള പദ്ധതികൾ ഒന്നും ഇല്ല. കുടിവെള്ള പദ്ധതികൾ എല്ലാം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുള്ളതായി രേഖാമൂലം വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. (31.01.2019 ലെ അന്വേഷണ നം.6). നിലവിൽ 130 പൊതു ടാപ്പുകളാണ് പ്രവർത്തിച്ച് വരുന്നത്. പൊതു ടാപ്പുകൾക്കായി ജല അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം പഞ്ചായത്ത് പ്രതിമാസം 56,875/- രൂപ വെള്ളക്കരമായി അടവാക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 6,82,500/- രൂപ അടവാക്കിയിട്ടുണ്ട്. പൊതു ടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താനുവാൻ ജല അതോറിറ്റിയുടെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുവാൻ ആ സ്ഥാപനത്തിലെ പ്രാദേശിക ഓഫീസ് മേധാവിയോട് രേഖാമൂലം ആവശ്യപ്പെടേണ്ടതാണ്. ജല വിതരണവും, ശുചിത്വവും എന്ന മേഖലയ്ക്കായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ഈ പ്രവർത്തനം നടത്തേണ്ടതാണ്.

2) ജലം ലഭ്യമാക്കുന്ന പൊതു ടാപ്പുകളുടെയും, പ്രവർത്തനരഹിതമായവയുടേയും കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തയ്യാറാക്കി ജലം ലഭ്യമാക്കുന്നവയ്ക്ക് മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയാൽ പഞ്ചായത്ത് അടവാക്കുന്ന വെള്ളക്കരത്തിൽ ഗണ്യമായ കുറവ് വരുത്തുവാൻ സാധിക്കുമെന്നതിനാൽ ആയതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 3-24 എസ് എസ് എ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്റ്റ് നം-53/18

പ്രൊജക്റ്റിന്റെ പേര്-എസ് എസ് എ വിഹിതം നൽകൽ

അടങ്കൽ-7,11,771/-

ചെലവ്-711771/-
ബിൽ നമ്പർ 1/17-18, തീയതി 29.7.2017
അക്കൗണ്ട് നമ്പർ – 0812101063416 തീയതി 29.07.2017 (കനറാ ബാങ്ക്)

മേൽ പ്രൊജക്റ്റ് പ്രകാരം ഹെഡ് മാസ്റ്റർ,ജി യു പി എസ്,അയിലൂർ 7,11,771/- രൂപ എസ് എസ് എ ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം
എൻ.എസ്.എ. പ്രോജക്റ്റ് ഓഫീസർക്ക് നൽകുന്ന ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കി ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-25 വനിതാഘടക പദ്ധതിയിലുൾപ്പെടുത്തുവാൻ പാടില്ലാത്ത ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയത് മാർഗരേഖയ്ക്ക് വിരുദ്ധം

2017-18 വർഷത്തിൽ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം. | വികസന ഫണ്ടിൽ വകയിരുത്തിയ തുക | ആകെ അടങ്കൽ | ചെലവുതുക |
|---|---|---|---|---|
| സഫല ജനറൽ | 7/2018(new) | 191300 | 806720 | 191300 |
| സഫല (എസ് സി) | 8/2018(new) | 100000 | 198240 | 75325 |
| സഫല (എസ് റ്റി) | 60/2018(new) | 25000 | 42180 | 16278 |
| അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം | 67/2018(new) | 1739600 | 1739600 | 1531618 |
| അങ്കണവാടി ഗ്യാസ് കണക്ഷൻ | 72/18(new) | 15000 | 15000 | 0 |
| ജവഹർ പദ്ധതി (വനിത) | 214/18(so) | 1050000 | 1050000 | 970000 |

| | | | | |
|---|---|---|---|---|
| | | (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | | |
| നിർധനരായ വനിതകൾക്ക് വിവാഹധനസഹായം(എസ് സി പി) | 219/18(so) | 900000 | 900000 | 150000 |
| കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം-ജനറൽ | 356/18(so) | - | 379150 | 379150 (കേന്ദ്രാ വിഷ്കൃതം) |
| അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം | 160/18 (so) | 176370 | 176370 | 152243 |

പതിമൂന്നാം പദ്ധതി മാർഗരേഖ (ജി.ഒ.(എം.എസ്) 72/2017/തസ്വഭവ തീയതി-29.3.2017) ഖണ്ഡിക 11.4 പ്രകാരം പൊതു വിഭാഗം വികസനഫണ്ട് ജനറൽ, എസ് സി പി, ടി എസ് പി എന്നിവ കൂട്ടിയ തുകയുടെ 10% തുക വനിതാഘടകപദ്ധതിയിൽ വകയിരുത്തേണ്ടതാണെന്ന് നിബന്ധനയുണ്ട്. ഇതേ മാർഗരേഖയിലെ ഖണ്ഡിക 13.3 പ്രകാരം വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളെക്കുറിച്ച് വിശദമായി പരാമർശിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളൊന്നും വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കാവുന്നവയല്ല. അങ്കണവാടി പോഷകാഹാര പദ്ധതി, അങ്കണവാടി പ്രവർത്തകർക്കുള്ള ഹോണറേറിയം നൽകൽ, വിവാഹധനസഹായം നൽകൽ എന്നിവയൊന്നും വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ലെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. 2017-18 വർഷത്തെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ ആകെ പ്ലാൻ വിഹിതമായ 29559000 രൂപയുടെ 10% തുക വനിതാഘടകപദ്ധതിയുടെ വാലിഡേഷനിൽ ഉൾപ്പെടുത്തുന്നതിനായി മേൽപ്പറഞ്ഞ പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചത് സർക്കാർ നിശ്ചയിച്ച പദ്ധതിമാർഗരേഖയുടെ ലംഘനമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/31.1.2019) ന് പദ്ധതി രൂപീകരണവേളയിലുണ്ടായ സൂക്ഷമതക്കുറവ് മൂലം സംഭവിച്ചതാണെന്നും പാലക്കാട് ജില്ലാ ആസൂത്രണസമിതി പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ മാത്രം ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-26 ആശ്രയ പദ്ധതി - അവലോകനം

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും അഗതികളുമായവരെ പുനരധിവസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടം അയിലൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത് 2003 ലാണ്. 10-ാം പഞ്ചവത്സര പദ്ധതി മുതൽ (2007-12) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി 'ആശ്രയ' എന്ന സ്പഷ്ടമായ ഒരു പ്രോജക്ടുണ്ടായിരിക്കണമെന്നും ആശ്രയ പ്രോജക്ട് തയ്യാറാക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണെന്നും ഗ്രാമപഞ്ചായത്തുകളുടെ ആശ്രയ പദ്ധതിയിലെ നിശ്ചിത ഘടകങ്ങൾക്കുവേണ്ട സഹായം ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നൽകണമെന്നും മാർഗ്ഗരേഖയിൽ സർക്കാർ വ്യവസ്ഥ ചെയ്തിരുന്നു.

2003 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് 2006 ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടാണ് അയിലൂർ ഗ്രാമ പഞ്ചായത്തിൽ ഒന്നാം ഘട്ട ആശ്രയ പദ്ധതി തയ്യാറാക്കി അംഗീകാരം നേടിയത്.

| | |
|---|---|
| ചാലഞ്ച് ഫണ്ട് | 10,00,000/- |
| പ്ലാൻ ഫണ്ട് | 17,79,541/- |

86 കുടുംബങ്ങൾക്കുവേണ്ടി പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ആവശ്യകതാ ഘടകങ്ങളുടെയും സ്ഥിതി വിവര റിപ്പോർട്ട് പ്രകാരമുള്ള ഭൗതിക നേട്ടങ്ങളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ആവശ്യകതാ ഘടകങ്ങൾ :

| | |
|---|---|
| വീട് | 22,35,500/- |
| ഭക്ഷണം | 2,17,552/- |
| വസ്ത്രം | 8,000/- |
| വിദ്യാഭ്യാസം | 3,000/- |
| ചികിത്സ | 34,189/- |
| സ്ഥലം | 1,00,000/- |
| തൊഴിൽ | 1,19,300/- |
| മറ്റുള്ളവ | 62,000/- |
| ആകെ | 27,79,541/- |

CDS അക്കൗണ്ടിൽ ലഭ്യമായ തുകകളുടെ വിശദാംശങ്ങൾ :

| | |
|---|---|
| ചാലഞ്ച് ഫണ്ട് | 10,00,000/- |

| | |
|---|---|
| പ്ലാൻ ഫണ്ട് | 1,77,9,541/- |
| ആകെ | 27,79,541/- |

മേൽ സൂചിത ഫണ്ടുകൾ ലഭ്യമായവയിൽ 100 % ചെലവഴിച്ചിരിക്കുന്നു.

ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്.

<u>രണ്ടാം ഘട്ട പദ്ധതി</u>

ആവശ്യകതാ ഘടകങ്ങൾ :

| ഇനം | വകയിരുത്തിയ തുക | CDS ൽ ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|---|---|
| വീട് | 96,00,000/- | 11,00,000/- | 12,00,000/- |
| ഭക്ഷണം | 13,06,800/- | 8,90,000/- | 9,97,828/- |
| വസ്ത്രം | 1,53,000/- | - | - |
| വിദ്യാഭ്യാസം | 58,500/- | 39,000/- | 19,500/- |
| ചികിത്സ | 84,000/- | 56,000/- | - |
| സ്ഥലം | 30,00,000/- | - | - |
| നിർവ്വഹണ ചെലവ് | 15,000/- | 15,000/- | - |
| വൈദ്യുതി | 12,000/- | - | - |
| സാനിറ്റേഷൻ | 40,000/- | - | - |
| സ്വയം തൊഴിൽ | 2,00,000/- | - | - |
| പ്രത്യേക ഫണ്ട് | 35,700/- | 812500(ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമുള്ള ഫണ്ട്) | - |
| ആകെ | 1,45,05,000/- | 29,12,500/- | 22,17,328/- |

116 കുടുബങ്ങൾക്ക് മേൽ സൂചിത ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായി സേവനം ലഭ്യമായിട്ടുണ്ട്.

രണ്ടാം ഘട്ടം പൂർത്തീകരിച്ചിട്ടില്ല.2018-19ൽ നിർവ്വഹണം തുടരുന്നു.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആശ്രയ പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ച് വരുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1480500 | സമൃദ്ധി-ഉഴവുകൂലി | 1480500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 212500 | ക്ഷീര കർഷ കർക്ക് മിൽക്ക് ഇൻസെന്റീവ് | 212499 | 1 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5547200 | ക്രമറ്റോറിയം | 0 | 5547200 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 83333 | ഭിന്നശേഷി ക്കാർക്ക് സ്കോളർഷിപ്പ് | 0 | 83333 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 262500 | ആശ്രയ | 0 | 262500 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2117647 | സമൃദ്ധി-ഉഴവുകൂലി | 2117647 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ക്ഷീര കർഷ കർക്ക് മിൽക്ക് ഇൻസെന്റീവ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ഭിന്നശേഷി ക്കാർക്ക് സ്കോളർ ഷിപ്പ് | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 19233 | ഗായത്രി വാട്ടർ ഷെഡ് | 0 | 19233 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 400000 | അംഗൻ വാടി നിർമ്മാണം | 0 | 400000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 28/18-തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 21200 | 0 | 21200 |
| KSEB | 393/18-വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 1783015 | 0 | 1783015 |
| KWA | 29/18-തലവെട്ടാംപാറ-അരിയക്കോട് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 105000 | 0 | 105000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | 957/2010 /20.3.2010 | 18907500 | 4404712 | 2685972 | 0 | 1718740 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല. ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-8 | 1266 | തോമസ്.പി.ജോൺ, അസി.എഞ്ചിനീയർ | 117020103797/ 2.2.2018 |
| 2016-17 | 2-2 | 1440 | അന്നം ലക്ഷ്മണൻ, പ്രധാന അധ്യാപിക | 117020103612/ 10.1.2018 |
| 2016-17 | 3-8 | 1500 | കാസിം, കരാറുകാരൻ | 117020103612/ 10.1.2018 |
| 2016-17 | 3-8 | 1000 | സലിം,കരാറുകാരൻ | 117020103593/ 8.1.2018 |
| 2015-16 | 3-7 | 1138 | നടരാജൻ, കരാറുകാരൻ | 117020100401/ 9.5.2017 |
| 2012-13 to 2014-15 | 3-17 3-25 | 3245 | നടരാജൻ, കരാറുകാരൻ | 117020100400/ 9.5.2017 |
| | | 2940 | വൈ.ഷാജി, കരാറുകാരൻ | 117020100051/ 7.4.2017 |
| | | 5180 | കാജാ ഹുസൈൻ | 117020100050/ 17.4.2017 |
| | | 4760 | സലിം, കരാറുകാരൻ | 117020100049/ 7.4.2017 |
| ആകെ | | 22469 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|

| റിപ്പോർട്ട് വർഷം | | | |
|---|---|---|---|
| 2007-08 | 3-51-1 | മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് പദ്ധതി ലക്ഷ്യം നേടിയില്ല | നിയമസഭാ സമിതിയുടെ 19.7.2018ലെ സിറ്റിംഗിൽ ഒഴിവാക്കുവാൻ തീരുമാനിച്ചു. അന്തിമ അറിയിപ്പ് ലഭ്യമായിട്ടില്ല |
| 2016-17 | അവലോകനം | വസ്തുനികുതി -ഓഡിറ്റ് റിപ്പോർട്ട് വർഷം 14-15 ഖ.2.1<br>തൊഴിൽ നികുതി -ഓഡിറ്റ് റിപ്പോർട്ട് വർഷം 14-15 ഖ.2.2,2.3,2.6<br>തൊഴിൽ നികുതി- ഓഡിറ്റ് റിപ്പോർട്ട് വർഷം 15-16 ഖ.2.1 | സമിതിയുടെ പരിഗണനയിൽ |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹. 107401434.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹. 116291315.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 248407.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 1076946.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 72000 | അർച്ചന.സി.ആർ. കൃഷി ഓഫീസർ |
| 3-8 | | 16171 | സുരേഷ്കുമാർ.എ., ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-10 | | 49584 (fine) | തോമസ്.പി.ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 48438 (fine) | തോമസ്.പി.ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | | 53964 | തോമസ്.പി.ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | | 2250 | തോമസ്.പി.ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-18 | | 6000 | തോമസ്.പി.ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 248407 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 1076946 | സുരേഷ്കുമാർ.എ., ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 1076946 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ

നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| തോമസ്.പി.ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | പൂച്ചാലിൽ ഹൗസ്, പുത്തൻവേലിക്കര പി.ഒ., നോർത്ത് പറവൂർ -എറണാകുളം-678 594 |
| സുരേഷ്കുമാർ.എ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ക്ഷീരവികസന വകുപ്പ്, ചേലക്കര | നീരാഞ്ജനം, ചേലക്കര (പി.ഒ.), തൃശ്ശൂർ -680586 |
| അർച്ചന സി.ആർ., കൃഷി ഓഫീസർ | കൃഷി ഓഫീസർ, അയിലൂർ ഗ്രാമപഞ്ചായത്ത് | ചെമ്മങ്ങാട്ട്, കുന്നത്തു ഹൗസ്, പറളി, തേന്നൂർ, പാലക്കാട് -678 612 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP6-1121/99/6.1.2000 | 3 |
| 1997-98 | L.F.P10-486/2002/ 5.9.2002 | 4 |
| 1998-99 | LF.P13/417/3.12.2005 | 2 |
| 1999-2000 | L.F.P12-418/2005/ 3.12.2005 | 11 |

| | | |
|---|---|---|
| 2000-2001 | L.F.P12-441/2006/ 16.10.2006 | 27 |
| 2001-2002 | L.F.P12-442A/2006/ 10.10.2006 | 7 |
| 2002-2003 | L.F.P18-1720(a)/25.6.2012 | 10 |
| 2003-2004 | L.F.P12-28/2007/ 12.9.2007 | 15 |
| 2004-2005 | L.F.P18-1720(b)/2008/ 25.6.2012 | 34 |
| 2005-2006 | L.F.p18-1720(c)/2008/ 25.6.2012 | 14 |
| 2006-2007 | L.F.P18-1063/12/5.6.12 | - |
| 2007-2008 | KSA-PKD18-96(A)/17/29.3.17 | 3 |
| 2008-2009 | L.F.P18-1065/12/15.6.12 | 2 |
| 2009-2010 2010-2011 | L.F.P18-76/13/23.3.13 | 4 |
| 2011-2012 | KSA-PKD18-421/2016/ 27.5.16 | 2 |
| 2012-13, 2013-14 & 2014-15 | KSA.PKD.18/465/16/25.06.16 | 18 |
| 2015-16 | KSA.PKD.18/22/17/6.01.17 | 3 |
| 2016-17 | നം.കെ.എസ്.എ-പികെഡി-പി18-1645/2017/08.09.2017 | 23 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ

സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 ൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3) അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4) ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 ൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5) നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ പഞ്ചായത്തിൽ നിന്നുള്ള വരവുകൾ TR-7A ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6) തൻവർഷ കുടിശ്ശിക തുകകൾക്ക് Income And Expenditure Account ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7) ആസ്തികൾക്ക് Income And Expenditure Account ൽ ഡിപ്രിസിയേഷൻ

രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2

## പത്രികകൾ

| | | | |
|---|---|---|---|
| Ayiloor Grama Panchayat | | | |
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(a) | 17674932.00 |
| Cash | Cash | RP-40(a) | 91642.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 611490.00 |
| 140000000 | Fees & User Charges | RP-4 | 594106.00 |
| 150000000 | Sale & Hire Charges | RP-5 | 393159.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 86919861.00 |
| 171000000 | Interest Earned | RP-9 | 234717.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14244390.00 |
| 350000000 | Other Liabilities | RP-36 | 17368.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 564586.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 97154.00 |
| 340000000 | Deposits Received | RP-34 | 412015.00 |
| 350000000 | Other Liabilities | RP-36 | 213752.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3098836.00 |
| 460000000 | Loans, Advances and Deposits | RP-47 | 0.0 |
| | Grand total | | 125168008.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2605952.00 |
| 220000000 | Administrative Expenses | RP-12 | 920803.00 |
| 230000000 | Operations & Maintenance | RP-13 | 3106424.00 |
| 250000000 | Decentralised Plan Programme- | RP-15 | 10452560.00 |

| | | | |
|---|---|---|---|
| | Productive Sector | | |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12217012.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 18526479.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 129571.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 900280.00 |
| Schemes | | | |
| Page No : 1 | | | |
| 255000000 | Maintenance Projects | RP-20 | 16065004.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 24200.00 |
| 280000000 | Prior Period item | RP-26 | -1100.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 500000.00 |
| 350000000 | Other Liabilities | RP-36 | 4756618.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 698.00 |
| 272000000 | Depreciation | RP-25 | 14000.00 |
| 280000000 | Prior Period Item | RP-26 | -19530.00 |
| 330000000 | Secured Loans | RP-32 | 2685972.00 |
| 340000000 | Deposits Received | RP-34 | 179882.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 1360781.00 |
| 410000000 | Fixed Assets | RP-38 | 8609985.00 |
| 412000000 | Capital work in Progress | RP-40 | 14722148.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 18237028.00 |
| 460000000 | Loans, Advances and Deposits | RP-47 | 296548.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8758729.00 |
| Cash | Cash | RP-40(b) | 117964.00 |
| | Grand Total | | 125168008.00 |

| | | | |
|---|---|---|---|
| Ayiloor Grama Panchayat | | | |
| INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2961068.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 154000.00 |
| 140000000 | Fee & User Charges | I-4(b) | 631256.00 |
| 150000000 | Sale & Hire Charges | I-5(b) | 393159.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 147322822.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 234717.00 |
| 180000000 | Other Income | I-9 | 97154.00 |
| | Total Income | | 151794176.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8590930.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 920803.00 |
| 230000000 | Operations & Maintenance | I-12(b) | 3206226.00 |
| 240000000 | Interest & Finance Charges | I-13 | 698.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 14481259.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 27667915.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 18450888.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 915543.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 53917780.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 16065004.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 24200.00 |
| 272000000 | Depreciation | I-17(a) | 14000.00 |
| | Total Expenditure | | 144255246.00 |
| | Gross Surplus/ Deficit of income over Expenditure | | 7538930.00 |
| 280000000 | Prior Period Item | I-18 | 4161708.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3377222.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Ayiloor Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 18719737.70 |
| 312000000 | Reserves | B-3 | 104476018.00 |
| | Total Reserve & Surplus | | 123195755.70 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11221343.00 |
| | Total Grants, Contributions for Specific Purposes | | 11221343.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1718740.00 |
| | Total Loans | | 1718740.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1446320.00 |
| 350000000 | Other Liabilities | B-9 | 654128.30 |
| | Total Current Liabilities and Provisions | | 2100448.30 |
| | TOTAL LIABILITIES | | 138236287.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 103081474.00 |
| 412000000 | Capital Work in Progress | B-11(a) | 4805093.00 |
| | Total Fixed Assets | | 107886567.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 18463800.00 |
| 440000000 | Pre-paid Expenses | B-16 | 1718740.00 |
| 450000000 | Cash and Bank Balance | B-17 | 8876693.00 |
| 460000000 | Loand, Advances and Deposits | B-18 | 1290487.00 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 30349720.00 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 138236287.00 |

ഡെപ്യൂട്ടി ഡയറക്ടർ